# മതിലകം രേഖകളിലെ ഭാഷാപഠനപ്രശ്നങ്ങൾ: സാധ്യതകളും വെല്ലുവിളികളും

കേരള സർവ്വകലാശാലയിൽ ബി.എ ബിരുദപഠനത്തിന്റെ
ഭാഗമായി സമർപ്പിക്കുന്ന പ്രബന്ധം


സമർപ്പിക്കുന്നത്

ശ്രുതി.എസ് : 11521101035


COURSE CODE : ML 1645
EXAMINATION CODE : 11521301


ബിഷപ്പ് മൂർ കോളജ്

മാവേലിക്കര

(കേരള സർവ്വകലാശാല)

# മതിലകം രേഖകളിലെ ഭാഷാപഠന പ്രശ്നങ്ങൾ : സാധ്യതകളും വെല്ലുവിളികളും

കേരള സർവ്വകലാശാലയിൽ ബി.എ ബിരുദപഠനത്തിന്റെ
ഭാഗമായി സമർപ്പിക്കുന്ന പ്രബന്ധം


സമർപ്പിക്കുന്നത്

ശ്രുതി.എസ് : 11521101035


| | | |
|---|---|---|
| Course Code | : | ML 1645 |
| Examination Code | : | 11521301 |


**ബിഷപ്പ് മൂർ കോളജ്**

**മാവേലിക്കര**

**(കേരള സർവ്വകലാശാല)**


**2024**

# പ്രസ്താവന

ബിഷപ്പ് മൂർ കോളജ് ആറാം സെമസ്റ്റർ വിദ്യാർത്ഥിയായ ശ്രുതി. എസ് സമർപ്പിക്കുന്ന ഈ പ്രബന്ധം ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് അടിസ്ഥാനമാക്കിയിട്ടില്ല എന്നു പ്രസ്താവിക്കുന്നു.

ശ്രുതി.എസ്

# മലയാളവിഭാഗം

**ബിഷപ്പ് മൂർ കോളജ്**

**മാവേലിക്കര**

## സാക്ഷ്യപത്രം

കേരള സർവ്വകലാശാല ബി.എ ബിരുദപഠനത്തിന്റെ പൂർത്തീകരണത്തിനായി സമർപ്പിക്കുന്ന **"മതിലകം രേഖകളിലെ ഭാഷാപഠന പ്രശ്നങ്ങൾ : സാധ്യതകളും വെല്ലുവിളികളും"** എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഈ പ്രബന്ധം കോളജിലെ ആറാം സെമസ്റ്റർ ബി.എ.മലയാളം ഡിഗ്രി പ്രോഗ്രാം വിദ്യാർത്ഥിയായ **ശ്രുതി.എസ്** (11521101035) നടത്തിയ മൗലികപഠനത്തിന്റെ രേഖയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡോ.സജിനി ദീനാ മാത്യു**
മലയാളവിഭാഗം മേധാവി
മലയാളവിഭാഗം
ബിഷപ്പ് മൂർ കോളജ്
മാവേലിക്കര

**ഡോ.സുധ മേരി തോമസ്**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
ബിഷപ്പ് മൂർ കോളജ്
മാവേലിക്കര

# ഉള്ളടക്കം


| | | | പേജ് നമ്പർ |
|---|---|---|---|
| **ആമുഖം** | | | 1 |
| അദ്ധ്യായം I | : | **ഭാഷാചരിത്രം മതിലകം രേഖകൾ വരെ** | 3 |
| അദ്ധ്യായം II | : | **മതിലകം രേഖകൾ** | 12 |
| | | II.ക. മതിലകം രേഖകളുടെ ചരിത്രപ്രസക്തി | 14 |
| അദ്ധ്യായം III | : | **മതിലകം രേഖകളും മലയാളഭാഷയും** | 21 |
| | | III.ക. **ലിപിവൈചിത്ര്യം** | 21 |
| | | ഖ. ഭാഷ | 22 |
| | | ഗ. പദകോശം | 23 |
| | | ഘ. വാക്യഘടന | 24 |
| | | ങ. വ്യാകരണതലം | 25 |
| | | ച. സാമൂഹ്യരാഷ്ട്രീയ പ്രസക്തി | 25 |
| അദ്ധ്യായം IV | : | **കേരള പാണിനീയവും മതിലകം രേഖകളും** | 27 |
| | | IV.ക. **സന്ധി** | 28 |
| | | ക.ച. ലോപസന്ധി | 28 |
| | | ക.ഖ. ആഗമസന്ധി | 28 |
| | | ക.ഗ. ദ്വിത്വസന്ധി | 30 |
| | | ക.ഘ. ആദേശസന്ധി | 30 |
| | | IV.ഖ. **ആറുനയങ്ങൾ** | 31 |
| | | ഖ.ക. അനുനാസികാതിപ്രസരം | 31 |
| | | ഖ.ഖ. താലവ്യാദേശം | 31 |
| | | ഖ.ഗ. സ്വരസംവരണം | 32 |
| | | ഖ.ഘ. പുരുഷഭേദനിരാസം | 33 |
| | | ഖ.ങ. ഖിലോപസംഗ്രഹം | 33 |
| | | ഖ.ച. അംഗഭംഗം | 34 |
| | | IV.ഗ. **നിഗമനങ്ങൾ** | 35 |
| **ഉപസംഹാരം** | | | 37 |
| അനുബന്ധം 1 | : | ചിഹ്നപരിണാമം | 39 |
| അനുബന്ധം 2 | : | തൃപ്പടിദാന പരാമർശമുള്ള രേഖ | 42 |
| അനുബന്ധം 3 | : | ചില സാങ്കേതികപദങ്ങളും അർത്ഥങ്ങളും | 43 |
| **ഗ്രന്ഥസൂചി** | | | 46 |

## ആമുഖം

പ്രാചീനഭാഷയുടെ സ്വരൂപം നിർണ്ണയിക്കുവാനും കേരളചരിത്രം പഠിക്കുവാനും സഹായകമായ ചരിത്രസാമഗ്രികൾ എണ്ണത്തിൽ വളരെ കുറവാണ്. തമിഴ് - സംസ്കൃത ഭാഷാഗ്രന്ഥങ്ങൾ, വിദേശസഞ്ചാരികളുടെ കുറിപ്പുകൾ, ഐതിഹ്യങ്ങൾ, കെട്ടുകഥകൾ എന്നിവ ചരിത്രനിർമ്മാണത്തിന് സഹായകമാകുന്നുണ്ട്. 'ചരിത്രത്തിന്റെ തോഴി' എന്നു വിശേഷിപ്പിക്കപ്പെടുന്ന പുരാവസ്തുശാസ്ത്രം ഇതിൽ നിന്നും വ്യത്യസ്തമായി ചരിത്രത്തിന്റെ ശാസ്ത്രീയമായ ഒരു വീക്ഷണത്തിലേക്ക് നയിക്കുന്നു. നാണയങ്ങൾ, ശില്പങ്ങൾ, ശിലാരേഖകൾ, ചേപ്പേടുകൾ തുടങ്ങിയ പുരാവസ്തു സാമഗ്രികൾ ഭാഷാചരിത്രത്തിന് ഏറ്റവും വിശ്വാസയോഗ്യമായ മാർഗ്ഗനിർദ്ദേശികളാണ്. അത്തരത്തിലുള്ള ഒരു പുരാവസ്തു സാമഗ്രിയാണ് മതിലകം രേഖകൾ. തിരുവിതാംകൂർ രാജാക്കന്മാരുടെ ദൈനംദിന ഭരണകാര്യങ്ങളാണ് ഇതിന്റെ ഉള്ളടക്കം. കൊല്ലവർഷം 550 ലേതാണ് ലഭ്യമായതിൽ ആദ്യരേഖ. മതിലകം രേഖകളെ മുൻനിർത്തി ഭാഷയുടെ വികാസപരിണാമത്തെ അപഗ്രഥിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

### പഠനപ്രസക്തി

തിരുവിതാംകൂർ ദേശത്തിന്റെ രാഷ്ട്രീയ-സാംസ്കാരിക ചരിത്രനിർമ്മിതിക്കുള്ള മികച്ച സാമഗ്രിയാണ് മതിലകം രേഖകൾ. ക്ഷേത്രകേന്ദ്രീകൃതമായ ഒരു ഭരണസമ്പ്രദായം പിന്തുടരുന്ന രാജ്യത്തെ ഭരണസമിതിയോഗത്തിൽ അംഗീകരിക്കുന്ന കാര്യങ്ങൾ താളിയോലകളിലെഴുതി രാജമുദ്ര പതിപ്പിച്ച് സൂക്ഷിച്ചുപോന്നു. പ്രസ്തുത രേഖകളിൽ കൃത്യമായി കാലം രേഖപ്പെടുത്തിയിരുന്നു. ക്ഷേത്രമതിലകത്ത് ഉടലെടുത്ത് സംരക്ഷിച്ചുപോന്ന ഈ ഔദ്യോഗിക രേഖകൾ മതിലകം രേഖകൾ എന്നറിയപ്പെട്ടു. തിരുവിതാംകൂറിന്റെ ഭരണവ്യവസ്ഥിതിയെയും സാമൂഹ്യവ്യവസ്ഥിതിയെയും പ്രതിഫലിപ്പിക്കുന്ന ആധികാരികമായ രേഖകൾ എന്നതുപോലെ തന്നെ പ്രാചീന ലിപി പഠനത്തിനും ഭാഷാപഠനത്തിനും കാലം കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള ഈ രേഖകൾ കൂടുതൽ വെളിച്ചം പകരുന്നുണ്ട്.

പ്രാചീന മലയാളഭാഷയുടെ സ്വരൂപനിർണ്ണയത്തിന് സഹായകമായ ലിഖിതരൂപങ്ങളായ ചെപ്പേടുകളും ശാസനങ്ങളും അപഗ്രഥിക്കുമ്പോൾ അതിൽ

പ്രാചീന ഭാഷയുടെ സ്വരൂപം ഉണ്ടെങ്കിലും ഭരണ-വ്യക്തിഭാഷകളുടെ സ്വാധീനവും കാണാം. അതിലുപരി ശാസനങ്ങളെ അടിസ്ഥാനമാക്കി ഭാഷാപരിണാമം പഠിച്ചവർ അഭിമുഖീകരിച്ച പ്രശ്നം അതിന്റെ കാലം വ്യക്തമായിരുന്നില്ല എന്നതായിരുന്നു. ഈ പാകപ്പിഴ ഭാഷയുടെ പരിണാമ ചരിത്രത്തെയും പ്രതികൂലമായി ബാധിച്ചു. എന്നാൽ ഭാഷാചരിത്രത്തെപ്പറ്റി പഠനം നടത്തിയവർ തിരുവിതാംകൂറിന്റെ ഔദ്യോഗിക രേഖകൾ ആയ മതിലകം രേഖകളെ പഠിക്കാനോ ഭാഷാചരിത്രത്തിലെ അതിന്റെ സ്ഥാനത്തെ മനസ്സിലാക്കാനോ ശ്രമിച്ചില്ല.

**രീതിശാസ്ത്രം**

ഭാഷാചരിത്രത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ആഗമികാത്മക ഭാഷാശാസ്ത്രപരമായ പഠനരീതിയാണ് ഈ പ്രബന്ധത്തിൽ അവലംബിച്ചിരിക്കുന്നത്. മതിലകം രേഖകൾ വരെയുള്ള ഭാഷാചരിത്രത്തെ പഠനവിധേയമാക്കുകയും പ്രസ്തുത രേഖകളുടെ ചരിത്രത്തെ വിശദമാക്കുകയും ചെയ്യുകയാണ് ആദ്യത്തെ രണ്ട് അധ്യായങ്ങളിൽ. മതിലകം രേഖകളും മലയാളഭാഷയും എന്ന പ്രധാന അദ്ധ്യായത്തിൽ മതിലകം രേഖകളിലെ ഭാഷാപ്രത്യേകതകൾ വിലയിരുത്തുന്നു. കേരളപാണിനീയവും മതിലകം രേഖകളും എന്ന നാലാമദ്ധ്യായത്തിൽ കേരളപാണിനീയത്തെ അടിസ്ഥാനമാക്കി മതിലകം രേഖകളിലെ ചില വ്യാകരണ സവിശേഷതകൾ ചർച്ച ചെയ്യുന്നു. തുടർന്ന് ഉപസംഹാരവും ചേർത്തിട്ടുണ്ട്.

ഇവകളോടൊപ്പം കൊല്ലവർഷം 550 മുതൽ 600 വരെയുള്ള കാലത്തെ മതിലകം രേഖകളിലെ ഭാഷയിൽ ഉള്ള ചിഹ്നപരിണാമത്തെയും, തിരുവിതാംകൂറിന്റെ ചരിത്രത്തിലെ ഒരു പ്രധാന സംഭവമായ തൃപ്പടിദാന പരാമർശമുള്ള മതിലകം രേഖയും, ഒപ്പം അക്കാലത്തെ ചില സാങ്കേതികപദങ്ങളും അവയുടെ അർത്ഥവും അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

## അദ്ധ്യായം - I.

## ഭാഷാചരിത്രം മതിലകം രേഖകൾ വരെ

ഭാഷയുടെ ചരിത്രം തുടങ്ങുന്നത് അതിന്റെ വാമൊഴി പാരമ്പര്യത്തിൽ നിന്നാണ്. ഭാഷയ്ക്ക് പിന്നീട് ഒരു ലിഖിത പാരമ്പര്യം ഉണ്ടായി. പദ്യവും ഗദ്യവും ഉണ്ടായി. പദ്യഭാഷയെ അപേക്ഷിച്ച് സാമാന്യ വ്യവഹാര ഭാഷയോട് ബന്ധം ഗദ്യത്തിനാണ്. പദ്യത്തിൽ സംസാരിക്കുന്ന ജനവിഭാഗത്തെപ്പറ്റി യാതൊരു സൂചനയും ഇല്ലാത്തതിനാൽ ഭാഷയുടെ ആദിമദശയെപ്പറ്റിയറിയാൻ ഗദ്യഭാഷയെപ്പറ്റി പഠിക്കേണ്ടത് അനിവാര്യമാണ്.

ഗദ്യത്തിന്റെ ആരംഭം ശാസനങ്ങളിലും ചെപ്പേടുകളിലുമാണ്. എ.ഡി പതിനെട്ടാം നൂറ്റാണ്ടിൽ കന്യാകുമാരി മുതൽ തിരുനെല്ലി വരെയുള്ള ആരാധനാലയങ്ങളിൽ നിന്നും മറ്റുമായി പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ ധാരാളം ലിഖിതങ്ങൾ കണ്ടെടുത്തു. ഇവയെ ഗുണ്ടർട്ട്, കാൽഡ്വൽ, ഇളംകുളം കുഞ്ഞൻപിള്ള, കെ.പി.പത്മനാഭമേനോൻ, പി.ശങ്കുണ്ണി മേനോൻ, എൽ.വി.രാമസ്വാമി അയ്യർ, എ.സി ശേഖർ, ഗോദവർമ്മ, സി.എൽ ആന്റണി, ഡോ.കെ.രത്നമ്മ തുടങ്ങിയ പണ്ഡിതർ ചരിത്രപരവും ഭാഷാപരവും സാമൂഹികവുമായ മാനദണ്ഡങ്ങളെ കേന്ദ്രീകരിച്ച് പഠിക്കുകയുണ്ടായി. ശാസനം എഴുതപ്പെട്ട സ്ഥലം, കണ്ടെടുക്കപ്പെട്ട സ്ഥലം, സ്ഥാപനം, കുടുംബം എന്നിവയുടെ അടിസ്ഥാനത്തിൽ അവയ്ക്ക് പേര് നൽകപ്പെട്ടു.

ശാസനഭാഷയെ സംബന്ധിച്ച് പല വാദങ്ങളും പണ്ഡിതൻമാർക്കുണ്ട്. സാധാരണ ജനങ്ങളുടെ അറിവിലേക്ക് എഴുതപ്പെട്ടവയാണ് ശാസനങ്ങൾ എന്നതുകൊണ്ട് അത് സാധാരണ ജനങ്ങളുടെ ഭാഷയാണെന്ന് ഒരു കൂട്ടർ വാദിക്കുമ്പോൾ അത് ശാസനങ്ങൾ ചമച്ചവരുടെ ഭാഷയാണെന്ന് അതായത് രാജഭാഷയാണെന്ന് മറ്റൊരു വാദം. മാത്രമല്ല ശാസനം ചമച്ചവരുടെയും ഭാഷാപരമായ ചില പ്രത്യേകതകളും അക്കാലത്തെ ഔദ്യോഗിക രേഖകൾ എഴുതുന്ന പരമ്പരാഗത ശൈലിയും ആചാര സവിശേഷതകളും ധർമ്മ-നീതി ശാസ്ത്രങ്ങളും മറ്റും പരിഗണിച്ച് മാത്രമേ ശാസനഭാഷയെ വിലയിരുത്താനാകൂ.

ശാസനങ്ങളിൽ കാണുന്ന ഭാഷയെ സംബന്ധിച്ച് പണ്ഡിതൻമാർ വിഭിന്ന അഭിപ്രായങ്ങൾ പറയുന്നു. ഒൻപതു മുതൽ പതിമൂന്നു വരെയുള്ള ശതകങ്ങളിലെ ശാസനങ്ങളെ മുൻനിർത്തിയാണ് ഈ അഭിപ്രായങ്ങൾ ഉന്നയിക്കുന്നത്. തരിസാ

പ്പള്ളി ശാസനവും ജൂതശാസനവും ആദ്യമായി പ്രസാധനം ചെയ്ത ഗുണ്ടർട്ട് അതിലെ ഭാഷാസവിശേഷതകളെപ്പറ്റി അധികമൊന്നും പറയുന്നില്ലെങ്കിലും ശാസന ഭാഷ തമിഴാണെന്ന് സൂചിപ്പിക്കുന്നു. മലബാർ മാന്വൽ കർത്താവായ വില്യം ലോഗനും ഈ അഭിപ്രായക്കാരനാണ്. 'മധ്യകാലത്തിന് മുമ്പുണ്ടായ തമിഴിൽ നിന്നു പരിവർത്തനപ്പെടുന്ന നിലയിലാണ് ശാസനങ്ങളുടെ നില' എന്ന് എൽ.വി.രാമസ്വാമി പറയുന്നു. ശാസനഭാഷ അത് രൂപംകൊണ്ട സമൂഹത്തിലെ സാമാന്യവ്യവഹാര ഭാഷയിൽ നിന്നും അല്പം വ്യത്യാസമേ പുലർത്തുന്നുള്ളൂ എന്നും ദേശഭാഷാ ഘട കങ്ങളുടെ സ്വാധീനം മൂലം തമിഴിൽ നിന്നും പരിവർത്തന വിധേയമാക്കിക്കൊണ്ടി രിക്കുന്ന ഒരു ഭാഷയിലാണ് ശാസനങ്ങൾ എഴുതപ്പെട്ടിരിക്കുന്നതെന്ന് എ.സി ശേഖർ പറയുന്നു. എന്നാൽ ഈ അഭിപ്രായത്തോട് ഇളംകുളം, സി.എൽ ആന്റണി, പ്രഭാ കരവാര്യർ എന്നിവർ യോജിക്കുന്നില്ല. സ്ഥാണുരവിയുടെ മൂന്നു ശാസനങ്ങളിലെയും ഭാഷ തമിഴാണെന്നാണ് ഗോപിനാഥറാവുവിന്റെ നിരീക്ഷണം. 'തമിഴ്നാട്ടിലെ പോലെ ചേരനാട്ടിലും ശാസനങ്ങൾ വലിയ വ്യത്യാസമൊന്നും കൂടാതെ തമിഴിൽ തന്നെയാണ്' എന്നാണ് കാൻഡ്വലിന്റെ വീക്ഷണം. ഒട്ടുമിക്ക പണ്ഡിതരും ശാസ നഭാഷ തമിഴാണെന്ന പക്ഷക്കാരാണ്. ഈ തമിഴ് തന്നെ ചെന്തമിഴാണെന്ന് ഇളം കുളവും അത് കൊടുന്തമിഴ് അഥവാ കരിന്തമിഴാണെന്ന് എ.ആർ.രാജരാജവർമ്മയും വാദിക്കുന്നു. കേരളപാണിനീയത്തിന്റെ പീഠികയിൽ വീരരാഘവപ്പട്ടയത്തെ കരി ന്തമിഴ് കാലത്തിലെ ഭാഷക്കുദാഹരണമായി എ.ആർ ഉദ്ധരിക്കുന്നു. ശാസനത്തിലെ ഭാഷ കൃത്യമഭാഷയാണെന്നും അക്കാലത്ത് മലയാളം ഉണ്ടായിരുന്നു എന്നും വാദി ക്കുന്ന ഗോദവർമ്മ അതിനുദാഹരണമായി കോഴിക്കോടൻ ശാസനത്തെപ്പറ്റി പറ യുന്നു. ഇത് വ്യാജരേഖയാണെന്ന് ഇളംകുളം അഭിപ്രായപ്പെടുന്നുണ്ട്. തമിഴ് ഭാഷയ്ക്ക് ദേശഭേദം അനുസരിച്ച് വ്യത്യസ്ത രൂപങ്ങൾ ഉണ്ടായിരുന്നു. അതിനാൽ ശാസനഭാഷയും വ്യത്യസ്തമായി. ഒമ്പതാം ശതകത്തിലെ ശാസനം ചെന്തമിഴിൽ തന്നെയാണ് എഴുതപ്പെട്ടത്. ഇക്കാലത്ത് മലനാട്ടുതമിഴ് ഒരു പ്രത്യേക ഭാഷയായി ത്തീരാനുള്ള ലക്ഷണങ്ങൾ കാണിക്കാൻ തുടങ്ങി. സംസ്കൃതവും തമിഴും ചേർന്ന് ഇത്തരത്തിൽ ഒരു വ്യവഹാരഭാഷയുണ്ടായി എന്ന് ഒരു വാദം ഇളംകുളം നടത്തി. ഇത്തരത്തിൽ ഓരോ പണ്ഡിതന്മാരും ഭാഷയുടെ ഉല്പത്തിയെ സംബന്ധിച്ച് തങ്ങ ളുടേതായ അഭിപ്രായങ്ങൾ പറഞ്ഞു. സംസ്കൃത ഭാഷാപ്രത്യയങ്ങൾ, തമിഴ്പദ ങ്ങളോടും മറ്റുംചേർന്ന് ഭാഷ രൂപംകൊണ്ടു എന്ന രീതിയിൽ ഒരു വാദം സി എൽ ആന്റണി ഉന്നയിക്കുകയുണ്ടായി. ഇതിനോട് കുഞ്ഞുണ്ണി രാജ വിയോജിക്കുകയാ

ണുണ്ടായത്. തമിഴിൽ നിന്നല്ല മലയാളം ഉണ്ടായതെന്നും ദ്രാവിഡത്തിൽ നിന്ന് വളരെ നേരത്തെ സ്വാതന്ത്ര്യം പ്രാപിച്ച ഭാഷയാണ് മലയാളം എന്നാണ് ഗോദവർമ്മയുടെ അഭിപ്രായം. ഇതിനോട് കെ.എം.ജോർജ്ജ് യോജിക്കുന്നു. എൽ.വി.ആറും ഇതിനെ അംഗീകരിക്കുന്നില്ല. കേരളഭാഷയുടെ ചരിത്രാതീത പരതന്ത്രാവസ്ഥയെയല്ല ശാസനഭാഷ പ്രതിനിധാനം ചെയ്യുന്നതെന്നും തമിഴെന്നോ മലയാളമെന്നോ പറയാൻ പറ്റാത്ത ഭാഷയാണ് അതെന്നുമാണ് പ്രഭാകരവാര്യരുടെ മതം. മിശ്രഭാഷാവാദത്തെയും ഭാഷാസംക്രമണവാദത്തെയും അദ്ദേഹം എതിർക്കുന്നുണ്ട്.

പലതരം കൊടുന്തമിഴുകളിലൊന്ന് മലയാളമായെന്ന് പറഞ്ഞ എ.ആർ അതിന് മൂന്ന് കാരണങ്ങൾ നിരത്തുന്നു. മലയാള ദേശത്തിന്റെ കിടപ്പ്, മരുമക്കത്തായം, മുണ്ടുടുപ്പ്, മുൻകുടുമ തുടങ്ങിയ വിശേഷവിധികൾ, നമ്പൂതിരിമാരുടെ പ്രാബല്യവും ആര്യദ്രാവിഡ സംസ്കാരവും ആണവ. എന്നാൽ ഇവയ്ക്ക് ഭാഷാപരിണാമ ചർച്ചയിൽ സ്ഥാനമില്ലെന്നും, അദ്ദേഹത്തിന്റെ ആറുനയങ്ങളിൽ ചിലത് തമിഴിൽ പ്രചാരമുള്ളതാണെന്നും പറയുന്നു (താലവ്യാദേശം, ഖിലോപസംഗ്രഹം) ചെന്തമിഴിൽ നിന്നാണ് മലയാളം ഉണ്ടായതെന്നവാദവും അദ്ദേഹം അംഗീകരിക്കുന്നില്ല.

ശാസനഭാഷ കൃത്യമ ഭാഷയാണെന്ന് ഒരുധാരണയുണ്ട്. ക്ഷേത്രസംബന്ധമായ ദാനങ്ങളെക്കുറിച്ചുള്ള ശാസനങ്ങളിൽ വാചകങ്ങൾ ഒന്നിനു പുറകേ ഒന്നായി ചേർത്ത് പറയുന്ന രീതിയുണ്ടായിരുന്നു. അതാണ് ഇത്തരത്തിലുള്ള ചിന്തക്ക് കാരണമെന്നും എല്ലാ ശാസനങ്ങളിലും ഈ രീതിയില്ല എന്നും കെ.രത്നമ്മ അഭ്യൂഹിക്കുന്നു. കൊടുന്തമിഴ് മലയാളമായെന്ന എ.ആറിന്റെ വാദവും, ചെന്തമിഴ് മലയാളമായി മാറിയെന്ന ഇളംകുളത്തിന്റെ വാദവും തമ്മിൽ ചെറിയ വ്യത്യാസമേയുള്ളൂ. ചെന്തമിഴ് സാഹിത്യഭാഷയായതിനാൽ അതിൽ പരിവർത്തനം ഉണ്ടാകുക അത്ര എളുപ്പമല്ല എന്നും അദ്ദേഹം പറയുന്നു.

മലയാളം ഒരു സ്വതന്ത്രഭാഷയായി ഉരുത്തിരിഞ്ഞതിനും അതിൽ സാഹിത്യകൃതികൾ ആരംഭിച്ചതിനും മുൻപ് സംസ്കൃതത്തോടും ചെന്തമിഴിനോടുമായിരുന്നു കവികൾക്ക് ആഭിമുഖ്യം. 12-ാം ശതകത്തിനു മുമ്പ് മലയാളത്തിലെഴുതിയെന്ന് വ്യക്തമായി പറയാവുന്ന സാഹിത്യകൃതികൾ ഉണ്ടായിരുന്നില്ല. എന്നാൽ കേരളഭാഷക്ക് ഒരു ലിഖിതപാരമ്പര്യം അക്കാലത്ത് കഴിഞ്ഞു എന്നതിന് 9 - 12 വരെയുള്ള ശാസനങ്ങൾ തെളിവുകളാണ്. അന്നത്തെ രാഷ്ട്രീയഭാഷയായ തമിഴിനോടും സാംസ്ക്കാരികഭാഷയായ സംസ്കൃതത്തോടുമൊപ്പം വ്യത്യസ്തമായ ഒരു നാട്ടു

ഭാഷാശൈലി എഴുതപ്പെട്ടത് ശാസനങ്ങളിൽ തന്നെയാണ്. ശാസനങ്ങളിൽ ഒരു പരിധിവരെ ഔദ്യോഗികഭാഷാ സ്വാധീനം ഉണ്ടാകാമെങ്കിലും മലയാളഭാഷയുടെ ആദിപ്രരൂപവും അതിലുണ്ട്.

മലയാളഭാഷയുടെ രൂപീകരണത്തിന്റെ ലക്ഷണങ്ങൾ കൊല്ലം ഒന്നാം ശതകത്തിൽ തന്നെ ആരംഭിച്ചുവെന്നാണ് ഇളംകുളത്തിന്റെ അഭിപ്രായം. കേരളത്തിലെ ആര്യാധിനിവേശവും നമ്പൂതിരിമാരുടെ മേധാവിത്വവും ഭാഷയുടെ ഉത്ഭവത്തിന് കാരണമായി. "മലയാളം തമിഴിൽ നിന്ന് വേർതിരിഞ്ഞ് തുടങ്ങിയത് എ.ഡി ൮൦൦-നടുത്ത് മാത്രമാണ്" എന്നാണ് അദ്ദേഹം പറയുന്നത്. എന്നാൽ കൊല്ലവർഷത്തിനു ശേഷമാണ് മലയാളം സ്വതന്ത്രഭാഷയായതെന്ന് എ.ആർ അഭിപ്രായപ്പെടുന്നുണ്ട്. തമിഴിൽ നിന്നും വ്യതിരിക്തമായ ഒരു പ്രത്യേക ഭാഷയായി മലയാളം വേർതിരിഞ്ഞു തുടങ്ങിയത് എ.ഡി ൯-ാം നൂറ്റാണ്ടുമുതലാണെന്നും ആ ഭാഷാപരിണാമത്തിലെ പ്രധാനപ്രേരണ നമ്പൂതിരിമാരും സംസ്കൃതഭാഷയുമാണെന്നുള്ള കാര്യത്തിൽ ഭാഷാശാസ്ത്ര പണ്ഡിതൻമാർക്കും കേരളചരിത്ര പണ്ഡിതൻമാർക്കും പക്ഷാഭേദമില്ല.

സംസ്കൃതഛന്ദസ്സിൽ ഉൾപ്പെടാത്തതെല്ലാം ഗദ്യമായിട്ടായിരുന്നു പ്രാചീനർ കണക്കാക്കിയിരുന്നത്. ആദ്യകാലങ്ങളിൽ മതപരവും ദാർശനികവുമായ ഗ്രന്ഥങ്ങളുടെ വിവരണത്തിനും വ്യാഖ്യാനത്തിനും ഗദ്യം ധാരാളമായി ഉപയോഗിച്ചിരുന്നു (10 - 11 ശതകം). ജൈനമതതത്വങ്ങൾ വിശദീകരിക്കുന്നതിനും തീർത്ഥങ്കരൻമാരുടെ ജീവചരിത്രം ചിത്രീകരിക്കുന്നതിനും പ്രാദേശികഭാഷകൾ ഗദ്യരൂപത്തിൽ ഉപയോഗിച്ചു. കേരളത്തിൽ ചാക്യാന്മാർ പാഠകം പറയാനും രംഗനിർദ്ദേശങ്ങളും നൽകുന്നതിനും ഗദ്യം (നമ്പ്യാന്തമിഴ്) ഉപയോഗിച്ചരുന്നു

മലയാളഗദ്യത്തിന്റെ ചരിത്രത്തെപ്പറ്റി അറിയാനുള്ള ആദ്യരൂപങ്ങൾ ശിലാശാസനങ്ങളും ചെപ്പേടുകളും ഭാഷാകൗടിലീയവും ആട്ടപ്രകാരവും ക്രമദീപികയും ബ്രഹ്മാണ്ഡപുരാണം ഗദ്യം, അംബരീഷോപാഖ്യാനം, ദൂതവാക്യം തുടങ്ങിയ കൃതികളും മിഷണറി ഗദ്യവും ആണ്. ഭാഷയുടെ ചരിത്രത്തെ മനസ്സിലാക്കാൻ ഗദ്യത്തെക്കുറിച്ച് പഠിക്കേണ്ടത് അനിവാര്യമാണ്. ക്രി.വ 9 മുതൽ 12 വരെയുള്ള ശതകങ്ങളിലെ ശാസനങ്ങൾ ആദ്യകാല ഗദ്യമാതൃകകളാണ്. ഇവ ഭാഷാചരിത്രത്തിൽ വളരെ വലിയ പങ്കാണ് വഹിക്കുന്നത്. എന്നാൽ അക്കാലത്തെ സാമാന്യ വ്യവഹാര ഭാഷയിൽ നിന്നും വ്യത്യസ്തമായി സാങ്കേതിക ശൈലീനിഷ്ഠമായ ഭാഷയാണ് ഉപയോഗിച്ചു കാണുന്നത് എന്നത് അധികാരസ്ഥാനങ്ങളിലിരിക്കുന്നവരു

ടെയും ശാസനം തയ്യാറാക്കുന്നവരുടെയും ഭാഷാസ്വാധീനം സ്വാഭാവികമായും ശാസനങ്ങളിലുണ്ട് എന്നതുകൊണ്ടും പൂർണ്ണമായും അക്കാലത്തെ വ്യവഹാരഭാഷയുടെ യഥാർത്ഥമാതൃകയിൽ ശാസനഭാഷയെ കാണാനാവില്ല. കണ്ടുകിട്ടിയിട്ടുള്ളതിൽ ആദ്യശാസനം തരിസാപ്പള്ളി ശാസനമാണ് (എ. ഡി.849). ഇതിൽ ചെന്തമിഴിന്റെ സ്വാധീനം കാണാം.

തിരുവിതാംകൂർ രാജാക്കന്മാരുടെ തമിഴ്ബന്ധവും കേരളവും തമിഴ്നാടുമായി ഉണ്ടായിരുന്ന അടുപ്പവും ആയിരിക്കണം ശാസനങ്ങളിലെയും ചെപ്പേടുകളിലെയും ഗ്രന്ഥവരികളിലെയും തമിഴ്ഭാഷക്ക് കാരണം. പണ്ഡിതഭാഷയായും ഭരണഭാഷയായും തമിഴ് ആദ്യകാലങ്ങളിൽ നിലനിന്നിരുന്നു. വീരരാഘവപട്ടയം പോലുള്ള പ്രാചീന രേഖകളിൽ അതതുകാലത്തിന്റെ സ്വഭാവത്തെ വഹിക്കുന്നുവെന്ന് കരുതാൻ നിവൃത്തിയില്ലാത്തവിധം തമിഴുമായി ബന്ധമുണ്ടായിരുന്നു. ഷൊർണ്ണൂർ കാർത്തികേയന്റെ അഭിപ്രായത്തിൽ രേഖകൾ നിർമ്മിക്കപ്പെട്ട കാലത്തെ ദേശഭാഷയുടെ ചില അംശങ്ങൾ ഇത്തരം രേഖകളിൽ കടന്നുകൂടിയിരിക്കുന്നു എന്നുമാത്രമേ മനസ്സിലാക്കാൻ സാധിക്കൂ.

14-ാം നൂറ്റാണ്ടിൽ നന്നൂൽ നിയമങ്ങൾ കൊണ്ട് വ്യാഖ്യാനിക്കാൻ കഴിയാത്ത വിധത്തിൽ പദസമൂഹം, സന്ധികാര്യം, വർണ്ണകാര്യം, പ്രത്യയങ്ങൾ എന്നിവ മാറിയതായിക്കാണാം. ഇവയെ തമിഴിന്റേതെന്ന് പറഞ്ഞ് മാറ്റി നിർത്താനുമാവില്ല. അതിന്റെ വ്യാകരണവ്യവസ്ഥകൾ പ്രാചീനമലയാളത്തിന്റേതാണ്.

ശാസനഭാഷയിൽ നിന്നും ഭാഷാകൗടിലീയത്തിൽ എത്തുമ്പോൾ ഭാഷാംശങ്ങൾക്ക് പ്രകടമായ പ്രാധാന്യം ലഭിച്ചു. സംസ്കൃതത്തിൽ എഴുതിയ അർത്ഥശാസ്ത്രത്തിന് വ്യാഖ്യാനം എഴുതത്തക്കവണ്ണം ഭാഷ വളർന്നുവെന്നത് പ്രധാന കാര്യമാണ്. കൃത്രിമത്വം കുറഞ്ഞ വാമൊഴിയോടു അടുത്തുനിൽക്കുന്ന ഭാഷയാണ് ഇതിലേത് എങ്കിലും സങ്കീർണ്ണവാക്യങ്ങൾ ഉള്ളതായി കാണാം. അർത്ഥശാസ്ത്രം പോലെ ഗഹനമായ ഒരു കൃതിയുടെ വ്യാഖ്യാനത്തിൽ ഈ സംസ്കൃതസ്വാധീനം അഥവാ മൂലകൃതിയുടെ സ്വാധീനം വരുന്നതിൽ തെറ്റില്ല.

നടന്മാരുടെ അറിവിലേക്കായി അവരുടെ ഭാഷയിൽ എഴുതപ്പെട്ട ആട്ടപ്രകാരത്തിലെയും ക്രമദീപികയിലെയും വിദൂഷകൻ ചൊല്ലുന്ന മണിപ്രവാളത്തിലും സംസ്കൃതസ്വാധീനം കാണാം. ചാക്യാന്മാർക്ക് പരിചയമായ സാങ്കേതികപദങ്ങളും സംഭാഷണഭാഷയിലെ സാധാരണ വർണ്ണപരിണാമങ്ങളും ഒക്കെ ഇതിൽ കാണാൻ സാധിക്കും. ഇത് സംഭാഷണ ഭാഷയോട് ഈ ഗദ്യകൃതിക്കുള്ള അടുപ്പം വ്യക്തമാ

ക്കുന്നു. ഇതിലെ ഭാഷ ബ്രഹ്മാണ്ഡപുരാണത്തിലെയും ഭാഷാ കൗടിലീയത്തിലെയും ഭാഷയേക്കാൾ സാമാന്യവ്യവഹാര ഭാഷയോട് അടുത്തുനിൽക്കുന്നു. സ്വതന്ത്രസാഹിത്യഭാഷയുടെ ആദ്യരൂപമായി ആട്ടപ്രകാരത്തിലെ ഗദ്യത്തെ കാണാം.

പതിനാലാം നൂറ്റാണ്ടോടെ ഒരു വ്യാകരണ ചിട്ടയുള്ള ഭാഷയായി മലയാളം രൂപപ്പെട്ടു കഴിഞ്ഞിരുന്നുവെന്നാണ് മണിപ്രവാള ലക്ഷണഗ്രന്ഥമായ ലീലാതിലകത്തിൽ നിന്നും മനസ്സിലാകുന്നത്. സംസ്കൃതസാഹിത്യത്തിന്റെയും ചെന്തമിഴ് സാഹിത്യത്തിന്റെയും ചൈതന്യമുൾക്കൊണ്ട് രൂപം കൊണ്ടതാണ് മലയാള സാഹിത്യം. അതുകൊണ്ട് അവയുടെ രൂപപരവും ഭാവപരവും ആയ സ്വാധീനം പ്രാചീനസാഹിത്യത്തിൽ കാണാനാകും. പാട്ട് ചെന്തമിഴ് സാഹിത്യത്തിന്റെയും, മണിപ്രവാളം സംസ്കൃതസാഹിത്യത്തിന്റെയും പാരമ്പര്യത്തെ ഉൾക്കൊള്ളുന്നു. ശുദ്ധമലയാളം എന്നു വിളിക്കാവുന്ന ഒരു കാവ്യമാർഗ്ഗം കൂടി ഇവിടെ പ്രചരിച്ചിരുന്നു. അത് ഓണപ്പാട്ട്, തിരുവാതിരപ്പാട്ട്, തെക്കൻപാട്ട്, വടക്കൻപാട്ട് എന്നിങ്ങനെ ആചാരങ്ങളുമായും അനുഷ്ഠാനാദി ഉത്സവങ്ങളോടും ബന്ധപ്പെട്ട് കിടക്കുന്ന പാട്ടുകളാണ്. ഭാഷയുടെ സ്വതന്ത്രഅസ്ഥിത്വത്തെക്കുറിച്ച് വാദിക്കുന്ന ലീലാതിലകകാരൻ പാട്ടിന് ചെന്തമിഴ്സാഹിത്യത്തോടുള്ള രൂപവിഷയകമായ ബന്ധത്തെപ്പറ്റി ഒന്നും പറയുന്നില്ല. കേരളഭാഷയിലെ പാട്ടിൽ പാണ്ഡ്യഭാഷാ സാരൂപ്യമാണുള്ളത്. ഒരേ പദം പാണ്ഡ്യഭാഷാകൃതികളിലും കേരളഭാഷാകൃതിയിലും കണ്ടാൽ പാണ്ഡ്യഭാഷാകൃതിയിലേത് ആ ഭാഷയിലേതായും കേരളഭാഷാകൃതിയിലേത് കേരളഭാഷയിലേതും ആയി കരുതണമെന്നാണ് ലീലാതിലകകാരന്റെ പക്ഷം.

ഇന്നത്തെ മലയാളവുമായി തട്ടിച്ച് നോക്കുമ്പോൾ രാമചരിതത്തിന്റെ ഭാഷയിൽ മലയാളത്തിന്റേതല്ലാത്തതും അതേസമയം തമിഴിന്റേതാണെന്നും തോന്നിക്കുന്ന പദങ്ങളും പദപ്രയോഗങ്ങളും കാണാൻ സാധിക്കും. ആധുനിക മലയാളത്തിൽ അപരിചിതമായ രാമചരിതപ്രയോഗങ്ങൾ രാമചരിത ഭാഷയുടേത് മാത്രമല്ല. അന്നത്തെ മലയാളത്തിന്റേതുകൂടിയാണ്. ഇതേ പ്രയോഗരീതികൾ തിരുനിഴൽമാലയിലും കാണാം. എന്നാൽ അയ്യിപ്പിള്ളയാശാന്റെ രാമകഥപ്പാട്ടിൽ പാട്ടുഭാഷയിൽ നിന്നും വ്യത്യസ്തമായി അതിഖരമൃദുഘോഷങ്ങൾ ഉപയോഗിച്ചു കാണുന്നു. സംസ്കൃതം, മലയാളം, തമിഴ് എന്നീ ഭാഷകളുടെ സമഞ്ജസമ്മേളനമാണ് ഈ കൃതിയിലെ ഭാഷ.

കേന്ദ്രീകൃതഭരണത്തിന്റെ അധഃപതനവും പുതിയ ഭരണവ്യവസ്ഥയും ഭാഷാസംക്രമത്തിന് കാരണമായി രാജഭാഷയിൽ വ്യവഹാരഭാഷ സംക്രമിച്ചു.

ഇതിനെ കേരളബ്രാഹ്മണർ സംസ്കൃതീകരിക്കാൻ ശ്രമിച്ചു. ഈ സംസ്കൃതസമ്മർദ്ദം ദുരീകരിക്കാൻ ശ്രമിച്ചതിന്റെ ഫലമായി കേരളഭാഷ വ്യക്തിത്വം പ്രകടിപ്പിച്ചുവെന്നാണ് സി.എൻ.ആന്റണിയുടെ മതം. വാമൊഴിരൂപത്തിൽ വർത്തിക്കുകയും സംസ്കൃത സമ്പർക്കം ഉണ്ടാവുകയും ചെയ്തതിന്റെ ഫലമായി മലയാളത്തിലെ ലിംഗ, വചന, വിഭക്തി പ്രത്യയങ്ങൾക്കും കാലവാചി പ്രത്യയങ്ങൾക്കും രൂപ പരിണാമമുണ്ടായി. അങ്ങനെ മലയാളം ഭാഷയിൽ നിന്നകന്ന് ഒരു പ്രത്യേകഭാഷയായി ഉയർന്നു. രാജഭാഷയിൽ വ്യവഹാരഭാഷയുടെ സംക്രമണം വർധിച്ചുവരികയും 12-ാം ശതകം ആയപ്പോഴേക്ക് അത് തകർന്ന് വ്യവഹാരഭാഷയ്ക്ക് പ്രാധാന്യം ലഭിക്കുകയും ചെയ്തു. സി.എൽ.ആന്റണിയുടെ ഈ ഭാഷാസംക്രമണവാദത്തെ പല ഭാഷാ പണ്ഡിതൻമാരും അംഗീകരിക്കുന്നില്ല.

മേൽപറഞ്ഞ വാദത്തിൽ നിന്നും ഭാഷയുടെ വളർച്ചയിൽ ഇവിടുത്തെ ഭരണമാറ്റങ്ങളും സാമൂഹ്യപരിവർത്തനങ്ങളും വളരെ അധികം സ്വാധീനം ചെലുത്തിയെന്നാണ് പ്രസ്താവിക്കുന്നത്. എ.ഡി ഏഴാം ശതകത്തിന്റെ ആദ്യത്തിൽ കേരളത്തിന് പല്ലവൻമാരിൽ നിന്നും ഗംഗന്മാരിൽ നിന്നും അന്ത്യശതകങ്ങളിൽ ചാലൂക്യരിൽ നിന്നും പാണ്ഡ്യന്മാരിൽ നിന്നും ആക്രമണങ്ങൾ നേരിട്ടു. ഈ രാഷ്ട്രീയ ദൗർബല്യം ഭാഷയിൽ ചെന്തമിഴുസ്വാധീനമായി പരിണമിച്ചു. എ.ഡി 12-ാം ശതകത്തോടെ ചെന്തമിഴ്ക്കോയ്മ ശിഥിലമാവുകയും തമിഴെന്നോ മലയാളമെന്നോ തിരിച്ചറിയാൻ കഴിയാത്ത ഭാഷയിൽ കൃതികൾ രചിക്കപ്പെടുകയും ചെയ്തു. ഈ ഭാഷാഭേദത്തെ 'ചെന്തമിഴ്' എന്ന് ഇളംകുളവും 'കരിന്തമിഴ്' എന്ന് എ.ആറും, 'നീചരാജഭാഷ' യെന്ന് സി.എൻ.ആന്റണിയും വിളിച്ചു. പ്രസ്തുത ഭാഷയാണ് സംസ്കൃത സ്വാധീനത്തിന് ശേഷം ഭാഷയായി പരിണമിച്ചത്. ഭാഷയുടെ ഈ പരിണാമത്തെ ഭാഷാശാസ്ത്രജ്ഞൻമാർ കേരളപാണിനിയുടെ ആറ് നയങ്ങൾ വഴിയാണ് വിലയിരുത്തുന്നത്. തമിഴിൽ നിന്നുള്ള വ്യത്യസ്തതകൾ എന്ന നിലയ്ക്കാണ് മലയാളത്തിൽ ഈ നയങ്ങളുടെ പ്രവർത്തനം പരിശോധിക്കപ്പെടുന്നത്. ദക്ഷിണ ദ്രാവിഡ ഭാഷകളിൽ അവസാനം സ്വതന്ത്രഭാഷാപദവിയിലെത്തിയ ഭാഷയാണ് മലയാളമെന്ന കാര്യത്തിൽ ഭാഷാപണ്ഡിതരിലധികം പേരും യോജിക്കുന്നുണ്ട്. തമിഴും മലയാളവും ഈ ശാഖയിലെ ഏറ്റവും അടുപ്പമുള്ള ഭാഷകളാണ്.

ഭാഷാ പരിണാമത്തെപ്പറ്റി പണ്ഡിതർ പഠനം നടത്തിയത് ഒരേ സ്രോതസ്സിൽ നിന്നാണെങ്കിലും അവർ വിഭിന്നങ്ങളായ അഭിപ്രായങ്ങളാണ് ഉന്നയിച്ചത്. അന്യഭാഷാപദങ്ങളോടുള്ള ആധമർണ്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്കൃതജ

ന്യവാദം, സ്വതന്ത്രജനവാദം, ഉപശാഖാവാദം, മിശ്രഭാഷാവാദം, പൂർവ്വ തമിഴ് മല യാളവാദം എന്നിങ്ങനെ വ്യത്യസ്ത വാദഗതികൾ രൂപം കൊണ്ടു.

കേരള കൗമുദിക്കാരനായ കോവുണ്ണി നെടുങ്ങാടിയാണ് സംസ്കൃത ജന്യ വാദത്തിന്റെ അവതാരകൻ. സംസ്കൃത ഹിമഗിരി ഗളിതാ..... എന്നു തുടങ്ങുന്ന കേരളകൗമുദിയിലെ ശ്ലോകമാണ് ഇതിന്റെ അടിസ്ഥാനം. ഇതിലൂടെ സംസ്കൃത ത്തിൽ നിന്ന് ഉത്ഭവിച്ചതാണ് ഭാഷ എന്നദ്ദേഹം സമർത്ഥിക്കുന്നു. "സംസ്കൃതം അനാദിയാണ്, ഭാഷക്ക് ആദിയുണ്ട് അത് സംസ്കൃതത്തിൽ നിന്ന് ഉണ്ടായതാ കണം" എന്ന് ലീലാതിലകക്കാരനും പറയുന്നത് ആ അർത്ഥത്തിലാണ്. വടക്കും കൂർ രാജരാജവർമ്മ, സി.പി. വാസുദേവ ഭട്ടതിരി എന്നിവർ ഈ അഭിപ്രായത്തോട് യോജിക്കുന്നവർ ആണ്.

മൂലദ്രാവിഡത്തിൽ നിന്നും സ്വതന്ത്രമായി പിരിഞ്ഞുവന്ന ഭാഷയാണ് മല യാളമെന്ന് ആറ്റൂർ കൃഷ്ണ പിഷാരടിയും (മലയാളഭാഷയും സാഹിത്യവും) ഡോ. ഗോദവർമ്മ കേരള ഭാഷാവിജ്ഞാനീയം എന്ന കൃതിയിലും അഭിപ്രായപ്പെടുന്നു. ഡോ.കെ.എം.ജോർജ്ജ് ഈ അഭിപ്രായക്കാരനാണ്. ദ്രാവിഡ ഗോത്രത്തിൽ നിന്നും പിരിഞ്ഞ് കേരളത്തിലെ പ്രത്യേക പരിതസ്ഥിതികളിൽ രൂപം കൊണ്ട് വളർന്നതും തമിഴ്, തെലുങ്ക്, കന്നട എന്നീ ഭാഷകളിലെ പോലെ വ്യക്തിത്വവും അതിൽ കുറ യാത്ത പ്രാചീനതയും അവകാശപ്പെടുന്നതുമായ ഒരു ഭാഷയാണ് മലയാളം എന്ന് അദ്ദേഹം ഭാഷയുടെ സ്വതന്ത്രാസ്ഥിത്വത്തെ അപഗ്രഥിക്കുകയുണ്ടായി.

മലയാളം തമിഴിന്റെ ഏറ്റവും പ്രാചീനമായ ശാഖയെന്ന് റോബർട്ട് കാൽഡ്വൽ "ദ്രാവിഡഭാഷകളുടെ അഥവാ ദക്ഷിണേന്ത്യൻ ഭാഷകളുടെ തുല നാത്മക വ്യാകരണം" എന്ന കൃതിയിൽ അഭിപ്രായപ്പെടുന്നു. ഇതേ അഭിപ്രായം ഉള്ളൂർ "സാഹിത്യചരിത്രം" ഒന്നാം വാല്യത്തിലും പറയുന്നു. പി.ഗോവിന്ദപിള്ള മലയാള ഭാഷാ ചരിത്രത്തിലും എ.ആർ.രാജരാജവർമ്മ കേരളപാണിനീയം പീഠി കയിലൂടെയും പറയുന്നു, ആറ് നയങ്ങളിലൂടെ കൊടുന്തമിഴ് മലയാളമായി മാറുന്നു എന്ന് കേരളപാണിനി വാദിക്കുന്നു. ഗുണ്ടർട്ടും മലയാളം-മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിന്റെ മുഖവുരയിൽ ഈ ഉപശാഖാവാദത്തോട് ഏകദേശം യോജിക്കു ന്നുണ്ട്.

മിശ്രഭാഷാവാദത്തിന്റെ മുഖ്യഅവതാരകൻ ഇളംകുളം കുഞ്ഞൻപിള്ള യാണ് 'കേരളഭാഷയുടെ വികാസപരിണാമങ്ങൾ' എന്ന കൃതിയിൽ അദ്ദേഹം ഈ വാദത്തെപ്പറ്റി പറയുന്നു. സംസ്കൃതവും തമിഴും ധാരാളമായി മിശ്രം ചെയ്ത്

ഉപയോഗിച്ചു വന്നതിൽ നിന്നാണ് മലയാളം രൂപമെടുത്തത് എന്നാണ് അതിൽ അദ്ദേഹം വാദിച്ചിരിക്കുന്നത്. 'മലയാള സാഹിത്യചരിത്രസംഗ്രഹ' കർത്താവായ പി.ശങ്കരൻ നമ്പ്യാരും ഈ വാദക്കാരനാണ്.

ഒരു ഗോത്രത്തിൽ നിന്നും പല ഘട്ടങ്ങളിലായിട്ടാണ് ഭാഷകൾ വേർതിരിഞ്ഞ് സ്വതന്ത്രമായിത്തീരുന്നത്. ഒരു ഭാഷയുടെ പൂർവ്വചരിത്രം ഒറ്റപ്പെട്ട ഒരു അന്വേഷണമായിത്തീരാൻ പാടില്ലെന്നും ആ ഗോത്രത്തിലെ എല്ലാ ഭാഷകളുടെയും പൂർവ്വചരിത്രത്തെ സമഗ്രമായി ചിന്തിച്ച് ഒരു അപഗ്രഥനത്തിലൂടെ മാത്രമേ ഒരു ഭാഷയുടെ ചരിത്രത്തെ വേർതിരിച്ച് കണ്ടെത്താനാകൂ എന്നാണ് ഡോ.കെ.എം. പ്രഭാകരവാര്യർ, എസ്.വി.ഷൺമുഖം തുടങ്ങിയ ഭാഷാപണ്ഡിതർ ചിന്തിക്കുന്നത്. പൂർവ്വ ഭാഷയിൽ നിന്നും പിരിഞ്ഞുവന്ന എല്ലാ ഭാഷകളിലും മൂലഭാഷയുടെ സ്വഭാവം ഏറിയും കുറഞ്ഞും കാണാനാകും. അതിനാൽ അപഗ്രഥന സൗകര്യത്തിനായി മാത്രമേ ഘട്ടവിഭജനം നടത്തേണ്ടതുള്ളൂ എന്നും നൂറ്റാണ്ടുകളായി അതിർത്തി തിരിച്ചുള്ള ഘട്ടവിഭജനം ഒരിക്കലും ഭാഷാചിത്രസ്വഭാവത്തിന് ഇണങ്ങുന്നതല്ലെന്നും പ്രഭാകരവാര്യർ അപഗ്രഥിച്ചിരിക്കുന്നു.

മലയാളഭാഷയുടെ ഈ വികാസ പരിണാമചരിത്രത്തിൽ ശാസനഭാഷയ്ക്ക് സമാന്തരമായി നിലനിന്നിരുന്ന ഔദ്യോഗിക രേഖകളായ മതിലകം രേഖകളിലെ ഭാഷയെ സംബന്ധിച്ച പഠനത്തിന് ഏറെ പ്രസക്തിയുണ്ടെന്ന് കരുതുന്നു.

### അദ്ധ്യായം - II

# മതിലകം രേഖകൾ

മാനവപുരോഗതിയെ വേഗത്തിലാക്കാൻ ലിഖിതപാരമ്പര്യം വലിയ പങ്കു വഹിച്ചു. വാമൊഴിയായി പ്രചരിച്ചിരുന്ന ഭാഷ വരമൊഴി രൂപത്തിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്നത് ചിത്രലിപിയിലൂടെയാണ്. പിന്നീടാണ് കൃത്യമായ ഒരു ലിപി പാരമ്പര്യം ഭാഷക്കുണ്ടായത്. കച്ചവടത്തിനും ഭരണത്തിനും വൈയക്തികവുമായ പല ആവശ്യങ്ങൾക്കും മറ്റുമായി കാര്യങ്ങൾ എഴുതി സൂക്ഷിക്കുന്ന പതിവ് മനുഷ്യന് ഉണ്ടായി. ഇത്തരത്തിൽ അനേകം കണ്ടെടുത്തതും കണ്ടെടുക്കപ്പെടാത്തതുമായ ചരിത്രരേഖകൾ ഉണ്ട്. അവ ഗണിതം, വാനനിരീക്ഷണം, സാഹിത്യം, മതം, രാഷ്ട്രതന്ത്രം, കല, വൈദ്യം തുടങ്ങി നാനാതര മേഖലകളുമായി ബന്ധപ്പെട്ടവയായിരുന്നു. ചിലത് ചിത്രീകരിക്കപ്പെടുത്തുകയാണുണ്ടായത് എന്നാൽ ചില രേഖകൾ കൊത്തി രേഖപ്പെടുത്തി മറ്റു ചിലവ എഴുതപ്പെട്ടു. പിന്നീട് അച്ചടിക്കപ്പെട്ടവയും ഉണ്ടായി. ഇവ പിൽക്കാലത്ത് ഒരു ദേശത്തിന്റെ പൈതൃകമായി മാറി.

ഭാഷയുടെ വികാസത്തെയും അതിന്റെ രൂപപരിണാമങ്ങളെയും മനസ്സിലാക്കാൻ അതിന്റെ ലിഖിതരൂപങ്ങളിലൂടെ മാത്രമേ സാധിക്കൂ. മലയാള വരമൊഴി പാരമ്പര്യം ആരംഭിക്കുന്നത് ശാസനങ്ങളിൽ നിന്നുമാണ്. എ.ഡി 832 വാഴപ്പള്ളി ശാസനം മുതൽ ഒട്ടേറെ ശാസനങ്ങൾ കണ്ടെത്തി വരുന്നു. ശാസനങ്ങൾ രൂപം കൊണ്ട കാലത്തിന് പിമ്പും, കൃത്യമായ കാലം രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ള രേഖകളാണ് മതിലകം രേഖകൾ. ശാസനഭാഷയെ മുൻനിർത്തി ഭാഷയുടെ വികാസപരിണാമങ്ങളെപ്പറ്റി പഠനങ്ങൾ അനേകം നടന്നെങ്കിലും മതിലകം രേഖകൾ പോലെയുള്ള ഔദ്യോഗികരേഖകളെപ്പറ്റി വലിയ ഗവേഷണങ്ങൾ ഒന്നും നടന്നില്ല.

മതിലകം രേഖകളുടെ ഏറ്റവും പ്രധാന സവിശേഷത അത് ചമച്ച കാലം കൃത്യമാണ് എന്നതാണ്. അതുകൊണ്ടു തന്നെ മലയാള ഭാഷയുടെ ക്രമാനുഗതമായ വികാസപരിണാമത്തെ ഈ രേഖകളിൽ നിന്നും വിലയിരുത്താം. മാത്രമല്ല വർത്തമാന പ്രസക്തമായ പത്മനാഭക്ഷേത്രത്തിന്റെ സമ്പദ്ഘടനയെപ്പറ്റിയും ക്ഷേത്രചരിത്രത്തെപ്പറ്റിയും അറിവ് ലഭിക്കുന്നതാണ് അവ. തിരുവിതാംകൂർ വാണിരുന്ന രാജാക്കന്മാർ ഭരണത്തിന്റെ കേന്ദ്രമാക്കി ക്ഷേത്രത്തെ നിർത്തി, ഭരണം ശ്രീപത്മനാഭനിൽ അർപ്പിച്ച് പത്മനാഭദാസന്മാരായി ഭരണം നടത്തിയവരാണ്. അതി

നാൽ ക്ഷേത്രചരിത്രത്തോടൊപ്പം ഒരു ദേശത്തിന്റെ ചരിത്രവും രാജവംശത്തിന്റെ ചരിത്രവും കൂടിയാണത്. പത്മനാഭക്ഷേത്രത്തിന്റെ ഭരണമേഖലയെ കോട്ട കെട്ടി ത്തിരിച്ചിരുന്നു. ഈ മതിൽക്കെട്ടിനുള്ളിൽ സൂക്ഷിച്ചതിനാൽ രേഖകൾക്ക് 'മതി ലകം രേഖകൾ' എന്ന പേര് കൈവന്നു. ഭരണസംബന്ധമായ തീരുമാനങ്ങൾ ക്ഷേത്രഭരണസമിതിയുമായി ചർച്ച ചെയ്യപ്പെട്ടിട്ട് മാത്രമേ നടന്നുള്ളൂ. തീർപ്പാക്കുന്ന കാര്യങ്ങൾ, യോഗം കൂടിയ തീയതി, സമയം, സ്ഥലം, പങ്കെടുത്ത അംഗങ്ങൾ, നട പടിക്രമം തുടങ്ങിയ ഓരോ വിവരങ്ങളും ഇതിലുണ്ട്. രേഖയുടെ വിശ്വാസ്യത ഉറ പ്പിക്കാൻ രാജമുദ്ര പതിപ്പിക്കുകയും ചില ചുരുണകൾക്ക് ഒന്നോ അതിലധികമോ പകർപ്പുകൾ സൂക്ഷിച്ച്വെക്കുകയും ചെയ്തിരുന്നു. രാജകുടുംബത്തിന്റെ നേരി ട്ടുള്ള സംരക്ഷണത്തിലായിരുന്നു ഈ രേഖകൾ. 1965-ൽ മൂവായിരത്തോളം ചുരു ണകൾ രാജകുടുംബം പുരാവസ്തുവകുപ്പിന് കൈമാറി. മതിലകം രേഖകളുടെ വൻശേഖരം ഇപ്പോഴും ഗവേഷകർക്ക് അപ്രാപ്യമായി ക്ഷേത്രമതിൽക്കകത്ത് സൂക്ഷിച്ചുവരുന്നു.

കൊ.വ. 479 മുതൽ 1091 വരെയുള്ള മതിലകം രേഖകളാണ് ആദ്യകാലത്ത് പുരാവസ്തുവകുപ്പിൽ ഉണ്ടായിരുന്നത്. ഇപ്പോൾ കൊ.വ. 550 മുതലുള്ള രേഖ കളെ ലഭ്യമായിട്ടുള്ളൂ. ധാരാളം രേഖകൾ കാലപ്പഴക്കം കാരണം നഷ്ടപ്പെട്ടുകൊ ണ്ടിരിക്കുന്നു. കൊ.വ. 550 മുതൽ 903 വരെയുള്ള തിരഞ്ഞെടുത്ത കുറച്ച് മതി ലകം രേഖകളെ മഹാകവി ഉള്ളൂർ ലിപ്യന്തരണം ചെയ്ത് ഉള്ളടക്കപഠനത്തോടെ 'പ്രധാനമതിലകം രേഖകൾ' എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിന്റെ പതിപ്പ് പുരാവസ്തു വകുപ്പ് 2010-ൽ പുനഃപ്രകാശിപ്പിച്ചു. ടി.കെ.വേലുപ്പിള്ളയുടെ 'ദ ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ' രണ്ടാംവാല്യത്തിൽ അനുബന്ധമായി കൊ.വ.550 മുതൽ 1048 വരെയുള്ള ഏതാനും രേഖകൾ എടുത്തുചേർത്തിട്ടുണ്ട്.

മതിലകം രേഖകൾ ചുരുണകളായാണ് സൂക്ഷിച്ചിരിക്കുന്നത്. ഒരു ചുരു ണയിൽ ആയിരമോ അതിലധികമോ താളിയോലകൾ ഉണ്ട്. വട്ടെഴുത്ത്, കോലെ ഴുത്ത്, മലയാണ്മ, ഗ്രന്ഥ എന്നീ പ്രാചീന മലയാളലിപികളിലോ തമിഴ് ലിപിയിലും എഴുതിയിരുന്നു. ഒരേ ചുരുണയിൽ തന്നെ വ്യത്യസ്ത ലിപികൾ എഴുതിയിരിക്കു ന്നതായി കാണാനാകും. ഇതിൽ നിന്നും ഒരേ കാലഘട്ടത്തിൽ തന്നെ ഈ ലിപി കൾ സമാന്തരമായി നിലനിന്നിരുന്നു എന്ന് മനസ്സിലാക്കാം. ഇത് എഴുതുന്നവർക്കും ഈ ഭാഷയിൽ എല്ലാം പ്രാവീണ്യം ഉണ്ടായിരുന്നു എന്ന് സാരം. ഗ്രന്ഥരചനക്ക് സാധാരണയായി എഴുതിയിരുന്ന താളിയോലകളിലായിരുന്നില്ല ഉപയോഗിച്ചത്.

ഈർക്കിൽ എടുത്തുമാറ്റാത്ത നാലുപുറമുള്ള ഓലകളായിരുന്നു അവ.

മതിലകം രേഖകൾ പൂർണ്ണമായി മനസ്സിലാക്കാൻ അന്നത്തെ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തെപ്പറ്റി അൽപ്പം ധാരണയുള്ളവർക്കേ സാധിക്കൂ. രാജ്യ വുമായി ബന്ധപ്പെട്ട സകലകാര്യങ്ങളും ഇതിൽ ആലേഖനം ചെയ്തിരുന്നു. ഔദ്യോ ഗിക പദവികൾ, അധികാരങ്ങൾ, ഊട്ട്, അരങ്ങുകൾ, കൂടിക്കാഴ്ചകൾ, വ്യവസായ ങ്ങൾ, ക്ഷേത്രകാണിക്ക, അതിർത്തിത്തർക്കം, രാജാഭിഷേകം, ദേഹവിയോഗം, ശിക്ഷാനടപടിക്രമങ്ങൾ തുടങ്ങി രാജ്യത്ത് സംഭവിക്കുന്ന സകലകാര്യങ്ങളെപ്പറ്റിയും ഇതിൽ പരാമർശിച്ചിട്ടുണ്ട്.

മതിലകം രേഖകളിൽ ഭൂരിപക്ഷം ഓലകളുടെയും തുടക്കത്തിൽ 'ശ്രീരാമ ചെയം' എന്നെഴുതിയിട്ടുണ്ട്. അതിനുശേഷം ഒറ്റവരിയിൽ ഓലയിൽ രേഖപ്പെടു ത്താൻ ഉദ്ദേശിക്കുന്ന വിഷയത്തെപ്പറ്റി എഴുതുകയും തുടർന്ന് ആണ്ട്, മാസം, തീയതി എന്ന ക്രമത്തിൽ ഒന്നിനു താഴെ ഒന്നായി കാലം രേഖപ്പെടുത്തിയിരുന്നു. പിന്നീട് വിഷയം ഖണ്ഡികയായി രേഖപ്പെടുത്തി വെച്ചിരിക്കുന്നു. തമിഴ്രീതിയിലുള്ള മാസ ങ്ങളുടെ പേരും തീയതിയുമാണ് കൂടുതലും ഉണ്ടായിരുന്നത്. എന്നാൽ ചില രേഖ കളിൽ മലയാളമാസവും കാണാം. അപൂർവ്വം ചില രേഖകളിൽ പകർപ്പെഴുതിയ വ്യക്തിയുടെ പേരും പരാമർശിക്കുന്നതായി കാണാവുന്നതാണ്. ഭാഷയുടെയും ലിപി യുടെയും പരിണാമം, ഭരണരീതി, ആചാരങ്ങൾ, പാരമ്പര്യം, വൈദേശിക ബന്ധ ങ്ങൾ, ജാതി-മത വ്യവസ്ഥകൾ തുടങ്ങി പ്രാചീന തിരുവിതാംകൂറിന്റെ ഭിന്നതല ങ്ങളെപ്പറ്റി പരാമർശിക്കുന്ന രേഖയാണിത്. ഇതിലെ പദങ്ങളും കാര്യങ്ങളുമെല്ലാം കൃത്യമായി ഗ്രഹിച്ചാൽ ദക്ഷിണഭാരതചരിത്രത്തിന് മുതൽക്കൂട്ടായ അനവധി വസ്തുതകൾ വിലയിരുത്താൻ സാധിക്കും. ഇതിൽ ഭരണകാര്യങ്ങളും, ക്ഷേത്ര ത്തെയും സംബന്ധിച്ച കാര്യങ്ങൾ എല്ലാം സൂചിപ്പിച്ചിരിക്കുന്നതിനാലും ഇന്നും പല തർക്കങ്ങൾക്കും കൃത്യമായ പരിഹാരം കണ്ടെത്താൻ ഈ രേഖകൾ സഹാ യിക്കുന്നുണ്ട്. ക്ഷേത്രചരിത്രത്തെ സംബന്ധിച്ച ഈ രേഖകൾ ഇന്നും ഗവേഷകർക്ക് അപ്രാപ്യമായതിനാൽ പത്മനാഭസ്വാമി ക്ഷേത്രത്തെയും തിരുവിതാംകൂർ രാജ്യത്തെ ഭരണസംവിധാനത്തെയും പറ്റിയുള്ള ചരിത്രാംശങ്ങൾ ഇന്നും ഏറെക്കുറെ അജ്ഞാ തമായി തുടരുന്നു.

### II.ക. മതിലകം രേഖകളുടെ ചരിത്രപ്രസക്തി

തിരുവിതാംകൂറിന്റെ ചരിത്രസാംസ്ക്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ ശക്തമായി ഇടപെട്ട ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തെ സംബന്ധിച്ച ചരിത്രങ്ങൾക്ക്

വ്യക്തതയില്ല, ഐതിഹ്യങ്ങളുടെ പിൻബലം മാത്രമേ ഉള്ളൂ. അനന്തശയന പ്രതിഷ്ഠയ്ക്ക് താഴെയുള്ള ശിലയിൽ ഇത് സംബന്ധിച്ച രേഖകൾ ഉണ്ടെങ്കിലും ക്ഷേത്രാചാരങ്ങൾ അതിന്റെ പഠനത്തെ അസാധ്യമാക്കുന്നു. കലിയുഗം ഒന്നാം ദിവസമാണ് പ്രതിഷ്ഠനടന്നതെന്ന് ചില ഐതിഹ്യങ്ങൾ പറയുന്നു. അങ്ങനെ ചിന്തിച്ചാൽ ഏകദേശം 5000 കൊല്ലത്തോളം പഴക്കം ക്ഷേത്രത്തിനുണ്ടാകാം. മതിലകത്തെ അനന്തശയനമാഹാത്മ്യം എന്ന ഗ്രന്ഥവരിപ്രകാരം തുളു സന്യാസിയായ ദിവാകരമുനി കലിയുഗാരംഭത്തിനു ശേഷം 950-ാം ദിവസം ക്ഷേത്രം സ്ഥാപിച്ചതായി പറയുന്നു. തിരുവിതാംകൂറിലെ മഹാക്ഷേത്രങ്ങളിൽ പ്രധാനപ്പെട്ട ക്ഷേത്രമാണ് ശ്രീപത്മനാഭക്ഷേത്രം. 'അനന്തശയനം' എന്ന പേരിലും ക്ഷേത്രം അറിയപ്പെടുന്നു. തിരുവിതാംകൂറിന് ക്ഷേത്രത്തെ കേന്ദ്രീകരിച്ചാണ് പലനാമങ്ങളും ഉണ്ടായത്. ക്ഷീരസാഗരത്തിൽ പത്ത് തലയുള്ള അനന്തന്റെ പുറത്ത് ശയിക്കുന്ന മഹാവിഷ്ണുവാണ് ഇവിടുത്തെ പ്രതിഷ്ഠ. ക്ഷേത്രസമുച്ചയത്തെ ചുറ്റി ആദ്യകാലത്ത് കളിമണ്ണുകൊണ്ടും പിന്നീട് കരിങ്കല്ലുകൊണ്ടും മതിലുകൾ കെട്ടിയുയർത്തിയിരുന്നു. അതിനാൽ ക്ഷേത്രത്തിന് 'മതിലകം' എന്ന പേര് വന്നു. മതിലകത്ത് സൂക്ഷിച്ച രേഖകൾ മതിലകം രേഖകളുമായി. വ്യാപാരകേന്ദ്രം, ഭരണസിരാകേന്ദ്രം എന്നീ നിലകളിൽ തിരുവിതാംകൂർ അന്നും ഇന്നത്തെപോലെ അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന നഗരമായിരുന്നു. ക്ഷേത്രത്തെ കേന്ദ്രീകരിച്ച് വളർന്ന ഈ നഗരത്തിൽ ധാരാളം ബ്രാഹ്മണർ പാർത്തിരുന്നു. ക്രി.വ.1737-ൽ മാർത്താണ്ഡവർമ്മ ആറ്റിങ്ങൽ റാണിയിൽ നിന്നും തൃപ്പാപ്പൂർമൂപ്പ് സ്ഥാനം ഏറ്റെടുത്തതോടെയാണ് തിരുവനന്തപുരം തിരുവിതാംകൂറിന്റെ ഭാഗമായത്. അതോടെ രാജഭരണാധികാരി തൃപ്പാപ്പൂർമൂപ്പ് അഥവാ തൃപ്പൂപ്പൂർ മൂത്തതിരുവടി എന്നും പറയപ്പെട്ടു. ക്ഷേത്രത്തിന്റെയും ക്ഷേത്രം വക വിശാലമായ ഭൂമിയുടെയും രക്ഷാപുരുഷനാണ് തിരുവനന്തപുരത്തെ രാജഭരണാധികാരി. കാർത്തികതിരുനാൾ രാമവർമ്മയുടെ കാലത്ത് (18-ാം ശതകം) തിരുവനന്തപുരം തലസ്ഥാനപദവിയിലെത്തിയത്. അനിഴംതിരുനാളിന്റെ കാലത്താണ് ക്ഷേത്രത്തിന് ഇന്നുകാണുന്ന ഘടനയുണ്ടായത്. ക്ഷേത്രഗോപുരം പൂർത്തിയാക്കിയത് കാർത്തികതിരുനാൾ രാമവർമ്മയാണ്.

ക്ഷേത്രവുമായി ബന്ധപ്പെട്ട് ഒരുപാട് കെട്ടുകഥകളും ഐതിഹ്യങ്ങളുമുണ്ട്. ക്ഷേത്രത്തിലെ ആചാരങ്ങളും കീഴ്വഴക്കങ്ങളും എല്ലാം വ്യത്യസ്തമാണ്. മുഖ്യവിഗ്രഹത്തിന്റെ പാദങ്ങളിൽ അഗസ്ത്യമുനിയുടെ സമാധി സ്ഥാനമെന്നതിനാൽ ഒരു സമാധിക്ഷേത്രം എന്ന പേരും പത്മനാഭസ്വാമീക്ഷേത്രത്തിനുണ്ട്.

ക്ഷേത്രത്തിലെ ദൈനംദിന പൂജകൾ നടത്തുന്നതിനും മറ്റുമായി നിയോഗിക്കപ്പെടുന്നവരുടെ കാര്യത്തിലും നിബന്ധനകൾ ഉണ്ട്. കാസർകോടും കർണ്ണാടകയിലുമായി 20 കുടുംബങ്ങളിലെ തുളു ബ്രാഹ്മണർക്ക് മാത്രമാണ് പൂജാകർമ്മങ്ങൾ നടത്താനുള്ള അവകാശം. അനന്തൻകാട്ടിൽ പത്മനാഭരൂപം ആദ്യം കണ്ടത് തുളു ബ്രാഹ്മണനായ ദിവാകരമുനിയാണെന്നും ഭക്തിയിൽ സംപ്രീതനായ പത്മനാഭൻ തുളു ബ്രാഹ്മണർ നിത്യപൂജ നടത്തണമെന്ന് വിധിച്ചുവെന്നുമാണ് ഐതീഹ്യം. പുഷ്പാഞ്ജലി സ്വാമിയാരെയും നിയോഗിക്കുന്നതും ഇത്തരത്തിൽ വിധിക്കപ്പെട്ട കന്യാകുമാരിയിലെയും തൃശ്ശൂരിലെയും രണ്ട് മഠങ്ങളിലുള്ള ബ്രാഹ്മണരെയാണ്.

രാജ്യം, ഭരണം, മതം, ദൈവം, വിശ്വാസം എന്നീ ഘടകങ്ങളെ ഇണപിരിച്ചുള്ള ഒരു നൂതന വ്യവസ്ഥിതിയായിരുന്നു തിരുവിതാംകൂറിൽ നിലനിന്നിരുന്നത്. ജന്മംകൊണ്ട് അധികാരം നേടുന്ന ഒരു രാജഭരണയുഗത്തിനു ശേഷം ശ്രീ മാർത്താണ്ഡവർമ്മ തന്റെ അധികാര ചിഹ്നമായ കിരീടവും വെൺകൊറ്റക്കുടയും, വെൺചാമരങ്ങളും, മണികണ്ഠം എന്നിവയും തുളസീദളങ്ങളും വെച്ച് തൃപ്പടിയിൽ വണങ്ങി രാജ്യം പത്മനാഭന് സമർപ്പിച്ചതോടെ ഇവർ പത്മനാഭ ദാസന്മാരായി. രാജാവാകുന്നതിന് മുമ്പുതന്നെ രാജാധികാരവും ക്ഷേത്രഭരണവും തമ്മിൽ വേർപിരിയാത്ത ബന്ധമുണ്ടെന്ന് മനസ്സിലാക്കിയ മാർത്താണ്ഡവർമ്മ ക്ഷേത്രപുനഃരുദ്ധാരണം നടത്തി രാജാവായ ശേഷം തൃപ്പടിദാനത്തിലൂടെ രാജ്യം പത്മനാഭന് സമർപ്പിച്ചു. ഇത് മാർത്താണ്ഡവർമ്മയുടെ ബുദ്ധിയുടെയും രാജതന്ത്രത്തിന്റെയും തെളിവാണ്. കൊട്ടാരത്തിലെ വിശേഷചടങ്ങുകൾ നടന്നാൽ ക്ഷേത്രത്തിൽ കാണിക്ക സമർപ്പിക്കുകയും ക്ഷേത്രദർശനത്തിന് ശേഷം കാൽ തട്ടിക്കുടഞ്ഞ് 'പത്മനാഭന്റെ ഒരു തരി മണ്ണുപോലുമില്ലാതെ' പുറത്തു പോകുന്ന ശീലവും രാജകുടുംബാംഗങ്ങൾ ഇപ്പോഴും പാലിച്ചുവരുന്നു. രാജാവിന് ദർശനത്തിനായി പ്രത്യേക സമയം ഉണ്ട്. ദർശനം നടത്തിയില്ലെങ്കിൽ ശ്രീപത്മനാഭന് ഇവർ പിഴയടക്കുന്നു. വേണാടിനു കീഴിലുള്ള എല്ലാ ബ്രഹ്മസ്വത്തിന്റെയും ദേവസ്വത്തിന്റെയും കാരങ്ങളുടെ ഭരണാധികാരി തൃപ്പാപ്പൂർമൂപ്പ് ആയിരുന്നു.

ഭരണകാര്യങ്ങളിൽ തൃപ്പാപ്പൂർമൂപ്പിനെ ഉപദേശിക്കാൻ 'തിരുവനന്തപുരം സഭ' എന്ന ഒരു ഭരണസമിതി ഉണ്ടായിരുന്നു. ഭാസ്കര രവിവർമ്മ മൂന്നാമൻ നിർമ്മിച്ച ഒരു നിയമസംഹിതയായിരുന്നു ഈ എട്ടരയോഗത്തിന്റെ മുൻഗാമി. കൊ. വ. 550 മുതലുള്ള രേഖകളിൽ ഈ സഭയെയും അതിന്റെ നേതൃത്വത്തിൽ തീർപ്പുകല്പിച്ച കാര്യങ്ങളെയും പറ്റിപ്പറയുന്നു. അതിന് മുമ്പുള്ള രേഖകൾ ലഭിച്ചിട്ടില്ലെ

ങ്കിലും പരിശോധിച്ച രേഖകളിലെ സൂചനകൾ വെച്ചുനോക്കുമ്പോൾ കൊല്ലവർഷ ത്തിന് മുമ്പുതന്നെ ഈ സഭ ഉണ്ടായിരുന്നു എന്ന് ഊഹിക്കാം. പ്രസ്തുത സഭയെ ക്കുറിച്ച് പരാമർശിക്കുന്ന ഏറ്റവും പ്രാചീനരേഖ ക്ഷേത്രത്തിലെ അടിത്തറ ഭിത്തി യിലുള്ള ശിലാരേഖയാണ് (ക്രി.വ.1209). പ്രൊഫ:സുന്ദരം പിള്ളയാണ് ഇത് കണ്ടെത്തി പ്രസിദ്ധീകരിച്ചത്. രാമകേരളവർമ്മ ക്ഷേത്രത്തിന് നൽകിയ വസ്തു വിന്റെ വിനിയോഗത്തെപ്പറ്റി പരാമർശിക്കുന്നതാണത്. യോഗം കൂടിയിരുന്നതായി ട്ടുള്ള സൂചനയുള്ള മറ്റൊരു ശിലാലിഖിതം മതിലകത്തെ തിരുവമ്പാടി ക്ഷേത്ര ത്തിൽ ഉള്ളതാണ്. ആദിത്യരാമനെന്ന ഒരാൾ നൽകിയ സംഭാവനയെക്കുറിച്ചുള്ള താണത്. ഈ രണ്ടുരേഖകൾ കഴിഞ്ഞാൽ ലഭ്യമായ തെളിവ് കൊ.വ.550 മുതലുള്ള മതിലകം രേഖകൾ തന്നെയാണ്.

പ്രാചീനകാലത്ത് ക്ഷേത്രങ്ങളുടെ ഭരണം നടത്താൻ എട്ടരയോഗം പോലുള്ള സഭകൾ സാധാരണമായിരുന്നു. ഊരിലെ പ്രമാണികളുടെ ഭരണസമ തിയായിരുന്നു ഊരാണ്മ സമിതി. പിന്നീട് ഭരണമായി സ്വാമിയാരുടെ സമിതി ഈ ഊരാളസഭയെ നിയന്ത്രിച്ചിരിക്കണം. എന്തായാലും ഇതിന്റെ കൃത്യമായ ചരിത്രം ലഭ്യമല്ല. ദേവസ്വങ്ങൾ പുനഃസംഘടിപ്പിച്ചതായും എട്ടരയോഗത്തിന്റെ നിയന്ത്രണ ത്തിലാക്കിയതായും പി.ശങ്കുണ്ണിമേനോൻ 'A History of Travancore' എന്ന ഗ്രന്ഥ ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതായി അശ്വതിതിരുനാൾ ഗൗരിലക്ഷ്മിഭായിയുടെ 'ശ്രീപത്മനാഭസ്വാമി ക്ഷേത്രം' എന്ന പുസ്തകത്തിൽ പറയുന്നു. ക്ഷേത്രകാര്യ ങ്ങൾ രാജാവ് പരമാധികാരിയായ ഒരു സഭയാൽ നിർവ്വഹിക്കപ്പെടണമെന്ന് നിഷ്ക്കർഷിച്ചു പോകുന്നു.

പുഷ്പാഞ്ജലി സ്വാമിയാർ സഭാധ്യക്ഷനായ സമിതിയിൽ അദ്ദേഹവും രാജാവും ഒഴികെ എട്ടംഗങ്ങൾ ഉണ്ടായിരുന്നു. അതിൽ ഏഴുപേർ പോറ്റിമാരും ഒരാൾ നായർ പ്രഭുവും ആണ്. പത്മനാഭസ്വാമി ക്ഷേത്രത്തിലെ ഏറ്റവും പഴയ കോവിലായ തിരുവമ്പാടി ക്ഷേത്രത്തിന്റെ മുഖമണ്ഡപത്തിൽ തെക്കേ തിരുവറ യിലോ ശ്രീമഹാഭാരതകോണത്തോ ആണ് എട്ടരയോഗം നടക്കുക. യോഗത്തിൽ പണ്ടാരക്കണക്ക്, കീഴ്കണക്ക്, തിരുമേനി കാവൽ, കരണക്കണക്ക് എന്നീ ഉദ്യോഗ സ്ഥരും പങ്കെടുക്കും. സഭ കൂടുമ്പോൾ എല്ലാ അംഗങ്ങളും നിർബന്ധമായും സന്നി ഹിതരായിരിക്കണം. സ്വാമിയാരും രാജാവും നിശ്ചയമായും ഉണ്ടായിരിക്കണം. വരാത്ത അംഗങ്ങൾക്ക് പിഴയും സ്വാമിയാരെ നിയമിക്കുന്നതിൽ തെറ്റുവന്നാൽ പുറത്താക്കുന്നതും രാജാവു തന്നെ. (മേൽശാന്തി വിലക്കി ചുറ്റിച്ചുവിടുക). മേൽശാ

ന്തി, കീഴ്ശാന്തി, നമ്പിമാർ, കരക്കണക്ക് (കണക്കെഴുത്ത് പിള്ള), ഊട്ടുപുരയിലെ വെയ്പുകാർ, തൂത്തുതളിക്കുള്ള അച്ചിമാർ തുടങ്ങിയ ഒട്ടേറെ പേർ യോഗത്തിന് കീഴിൽ ഉണ്ടായിരുന്നു. പ്രസ്തുത ജോലികൾക്ക് ആളുകളെ നിയോഗിക്കുന്നതും ആറുമഠത്തിൽ പിള്ളമാരുടെ ജോലിക്കാര്യവും എട്ടരയോഗത്തിന്റെ നേതൃത്വത്തിൽ രാജാവ് ആയിരുന്നു നടപ്പിലാക്കിയത്. ക്ഷേത്രത്തിന്റെ അധീനതയിൽ വരുന്ന നിലത്തെ തിരുനിലം എന്ന് രേഖപ്പെടുത്തിയിരുന്നു. പ്രസ്തുത നിലങ്ങളുടെ മേൽനോട്ടം ആറ് മഠങ്ങൾക്കായിരുന്നു.

മറ്റൊരു ക്ഷേത്രത്തിലും കാണാനാകാത്ത രാജാവിന് അരസ്ഥാനം നൽകി ക്കൊണ്ടുള്ള ക്ഷേത്രഭരണമായിരുന്നു അവിടുത്തേത്. ഒരു നായർ സ്ഥാനിയെ ക്കൂടി ഉൾപ്പെടുത്തി എന്നതൊഴിച്ചാൽ ബ്രാഹ്മണാധിപത്യം തന്നെയാണ് കാണാ നാകുന്നത്. രാജകുടുംബത്തിന്റെ പരദേവതാക്ഷേത്രമായതിനാൽ മാത്രമാണ് സഭ യിൽ രാജാവ് ഉൾപ്പെട്ടത്. ക്ഷേത്രത്തിലെ ആറാട്ടിനു മാത്രമാണ് രാജാവ് ദേവന് അകമ്പടിസേവിക്കാറ്. രാജാവിന്റെ ആളുകൾ ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾക്ക് രാജാവ് എട്ടരയോഗത്തിന് പിഴയടക്കണമായിരുന്നു. യോഗാരംഭത്തിൽ രാജാവ് പുഷ്പാഞ്ജലി സ്വാമിയാരെ നമസ്ക്കരിക്കുന്നത് ബ്രാഹ്മണമേധാവിത്വത്തിന്റെ സൂചനയാണ്. സഭയിൽ അന്തിമതീരുമാനം സ്വാമിയാരുടേതാണ്. അത് നടപ്പിലാ ക്കുക മാത്രമാണ് രാജാവിന്റെ ധർമ്മം. യോഗതീരുമാനങ്ങൾ നടപ്പിലാക്കാൻ ആന വാൾ (ആജ്ഞാവാഹകൻ) എന്ന ഉദ്യോഗസ്ഥനും ഉണ്ടായിരുന്നു. ക്ഷേത്രത്തിലെ പോറ്റിമാരുമായുള്ള അഭിമുഖത്തിൽ നിന്നും ഈ സഭാംഗങ്ങളുടെ സ്ഥാനം പാര മ്പര്യനിഷ്ടമായി ഇന്നും നടന്നുവരുന്നതായി വിലയിരുത്താം.

തന്നെയും രാജ്യത്തെയും അതുമായി ബന്ധപ്പെട്ട എല്ലാത്തിനെയും തൃപ്പ ടിദാനത്തിലൂടെ അനിഴംതിരുനാൾ മാർത്താണ്ഡവർമ്മ പത്മനാഭസ്വാമിക്കു സമർപ്പിച്ചതോടെ ക്ഷേത്രവും സിംഹാസനവും ഒന്നായി. മതവും ഭരണവും കൂടി ക്കലർത്തപ്പെട്ടു. രാജാവ് ക്ഷേത്രാധികാരം പിടിച്ചെടുത്തു എന്ന് പറയാതിരിക്കാൻ താൻ വെട്ടിപ്പിടിച്ച വേണാടിനോടു ചേർത്ത വടക്കുംകൂർ വരെയുള്ള രാജ്യം മുഴു വനും തൃപ്പടികളിൽ ദാനമായി അർപ്പിച്ചു. സ്വത്തുക്കൾ ക്ഷേത്രത്തിൽ ഭദ്രമായിരി ക്കുമെന്നും മതത്തെയോ, ദൈവഭയത്തെയോ ആരും വ്രണപ്പെടുത്താൻ സാധ്യത യില്ല എന്ന ആത്മവിശ്വാസം ഇവർക്ക് കാണാം. തിരുവിതാംകൂറിലെയും സമീപ ത്തെയും രാജാക്കന്മാർ വ്യത്യസ്ത നൂറ്റാണ്ടുകളിലായി പത്മനാഭനു സമർപ്പിച്ച സ്വർണ്ണവും രത്നവുമാണ് പത്മനാഭക്ഷേത്രത്തിലുള്ളതെന്ന് മതിലകം രേഖകളിൽ

നിന്നും മനസ്സിലാക്കാൻ സാധിക്കും. രത്നങ്ങളും അവ പതിപ്പിച്ച കോടികൾ മൂല്യ മുള്ള മാലകളും ആഭരണങ്ങളും പണവും സ്വർണ്ണവും തുടങ്ങി അനേകം വസ്തു വകകൾ ഭരണാധികാരികളും പ്രമാണികളും പത്മനാഭന് കാഴ്ചവെച്ചിരുന്നു. നൂറ്റാ ണ്ടുകളായി ഇത്തരം കണക്കറ്റനിക്ഷേപം ക്ഷേത്രത്തിലെ ഒരിക്കലും കവർച്ച നട ന്നിട്ടില്ലാത്ത ഭൂഗർഭ അറകളിൽ സംരക്ഷിതമായി സൂക്ഷിച്ചുവരുന്നു.

ഭക്തിയുടെ പിൻബലത്തോടെ നടത്തിയ ഭരണമായിരുന്നു തിരുവിതാം കൂറിലേത്. ക്ഷേത്രവും രാജ്യതന്ത്രവും തമ്മിലുള്ള ഗാഢബന്ധത്തെയാണ് ഇത് കാണിക്കുന്നത്. ചരിത്രത്തിന്റെ മറനീക്കി സമകാലികതയിലേക്ക് എത്തുമ്പോൾ രാജ്യത്തെ പ്രൗഢമായ ഏറ്റവും സമ്പന്നമായ ക്ഷേത്രം എന്ന ഖ്യാതി ശ്രീ പത്മ നാഭസ്വാമി ക്ഷേത്രത്തിന് ലഭിച്ചു. ക്ഷേത്രത്തിന്റെയും അതുൾക്കൊള്ളുന്ന വിലമ തിക്കാനാകാത്ത നിലവറ മുതലിന്റെയും ഉറവിടങ്ങൾ അന്വേഷിക്കാൻ ഗവേഷ കരെ പ്രേരിപ്പിച്ചത് ഒരു പരിധിവരെ മതിലകം രേഖകൾ ആണ്. പ്രായശ്ചിത്ത മായും യുദ്ധവിജയാനന്തരം കാഴ്ചയായും ആട്ടപ്പിറന്നാൾ വഴിപാടായും മറ്റും രാജാ ക്കന്മാരും രാജകുടുംബാംഗങ്ങളും നൽകിയ പണവും രത്നങ്ങളും ഉത്സവത്തിന് തിരുവിതാംകൂറിലെയും ഇതരരാജ്യങ്ങളിലെയും ഭരണാധികാരികൾ നൽകിവരുന്ന നേർച്ചകാഴ്ചകളും ആണ് ക്ഷേത്രത്തിലെ അമൂല്യവസ്തുക്കളിൽ ഏറിയപങ്കും.

മതിലകം രേഖകളുടെ പഠനത്തിലൂടെ അക്കാലത്തെ പഴയനാണയ വ്യവ സ്ഥ, പ്രാചീന സ്ഥലനാമങ്ങൾ, ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, കര-ജല ഗതാഗത മാർഗ്ഗങ്ങൾ, പ്രാചീനഭാഷാചരിത്രം, പ്രാചീനലിപിചരിത്രം, രാഷ്ട്രീയ മാറ്റങ്ങൾ, സാമൂഹിക നിയമങ്ങൾ, ആചാരങ്ങൾ, കുറ്റവും ശിക്ഷയും തുടങ്ങി വ്യത്യസ്ത കാര്യങ്ങളെ ഗ്രഹിക്കാനാകും. ഇത് വിശദമായി പഠിക്കുന്നതിലൂടെ ദക്ഷിണ ഭാരതചരിത്രത്തിന് മുതൽക്കൂട്ടായ അനേകം വസ്തുതകൾ കണ്ടെത്താ നാകും. യാഥാസ്ഥിതിക മനോഭാവവും നടപടിക്രമത്തോടും, കീഴ് വഴക്കത്തോ ടുമുള്ള ബഹുമാനവും പിന്തുടർന്നു വരുന്ന മാമൂലിനോടുള്ള മമതയും ആണ് ഇത്രയധികം മതിലകം രേഖകൾ രൂപപ്പെടുന്നതിന് കാരണമായിത്തീർന്നത്. ബ്രാഹ്മണ കേന്ദ്രീകൃതമായ ഒരു ഭരണവ്യവസ്ഥയാണ് എട്ടരയോഗത്തെ മുൻനിർത്തി നിലകൊണ്ടത്. എങ്കിലും എല്ലാ ജാതിമതസ്ഥർക്കും തുല്യമായ മാനു ഷിക പരിഗണന നൽകിയ ചരിത്രമാണ് മതിലകം രേഖകളിൽ ഉള്ളത്. ഇപ്പോഴും അടിയന്തിര തീരുമാനങ്ങൾ എടുക്കുന്ന സന്ദർഭത്തിൽ ക്ഷേത്രത്തിലെ മതിലകം രേഖകളെ ആശ്രയിക്കാറുണ്ട്.

പുരാവസ്തുവകുപ്പിന് ലഭ്യമായ മതിലകം രേഖകൾ യഥാവിധം സംര ക്ഷിച്ചു പോരുന്നു. എങ്കിലും ഇതിനെ പൂർണ്ണമായ മൊഴിമാറ്റം ചെയ്യുകയോ ഒന്നും ചെയ്തിട്ടില്ല. ചരിത്രം, ലിപിഭാഷ തുടങ്ങിയവ മുൻനിർത്തി ഇവയെ പഠിക്കേണ്ടതും സൂക്ഷിക്കേണ്ടതും അനിവാര്യം തന്നെയാണ്. ദക്ഷിണേന്ത്യയുടെ പൈതൃകസ മ്പത്തായ മതിലകം രേഖകൾ പൂർണ്ണമായി പഠിക്കുന്നത് ചരിത്രത്തിൽ തന്നെ പുതിയ അധ്യായത്തെ സൃഷ്ടിക്കുവാൻ കാരണമാകും എന്നത് ഉറപ്പാണ്.

## അദ്ധ്യായം - III

# മതിലകം രേഖകളും മലയാളഭാഷയും

ഭാഷയുടെ ഉത്ഭവത്തെയും വികാസചരിത്രത്തെയും പറ്റി പഠിക്കാൻ പണ്ഡിതർ ശാസനഭാഷയെ ഉപയോഗിച്ചിട്ടുണ്ട്. 9 മുതൽ 12 വരെ നൂറ്റാണ്ടുകളിൽ മറ്റ് രേഖകൾ ഒന്നും ലഭ്യമല്ലാതിരുന്നതിനാൽ ശാസനങ്ങളെ തന്നെയാണ് പരിഗണിച്ചത്. രാജകീയമായ വിളംബരങ്ങളും കല്പനകളും പരിശോധിച്ചാൽ ഒരർത്ഥത്തിൽ ശാസനഭാഷ ഔദ്യോഗിക ഭാഷയാണ്. ശാസനങ്ങൾ എഴുതിയത് വരേണ്യവർഗ്ഗമായതിനാൽ അവരുടെ ഭാഷയാണ് അതിൽ പ്രതിഫലിക്കുന്നത്. തിരുവിതാംകൂറിന്റെ ഭരണകേന്ദ്രമായ പത്മനാഭക്ഷേത്രത്തിന്റെ ഭരണസമിതിയായ എട്ടരയോഗം തയ്യാറാക്കിയ മതിലകം രേഖകളിലും അത് തയ്യാറാക്കിയ വരേണ്യരുടെ ഭാഷാസ്വാധീനം കാണാനാകും.

### III. ക. ലിപിവൈചിത്ര്യം

മതിലകം രേഖകളിലെ ഭാഷയെ പഠിക്കുമ്പോൾ അഭിമുഖീകരിക്കേണ്ടിവരുന്ന ഒരു പ്രശ്നം അതിന്റെ ലിപിയിലെ വൈവിധ്യങ്ങൾ തന്നെയാണ്. മലയാള എഴുത്തിന് വട്ടെഴുത്ത്, കോലെഴുത്ത്, മലയാണ്മ, ആര്യഎഴുത്ത്, തമിഴ് എന്നീ ലിപിവ്യവസ്ഥകൾ ഒറ്റക്കോ ഇടകലർത്തിയോ എഴുതിയിരുന്നു. ഒരേ ചുരുണകളിൽ ഇത്തരത്തിൽ വിഭിന്നമായ ലിപിവ്യവസ്ഥകൾ കാണാമായിരുന്നു. നിയതമായ ഒരു ലിപി വ്യവസ്ഥക്കകത്ത് ഈ രേഖകളെ ഒതുക്കിനിർത്താൻ കഴിഞ്ഞിരുന്നില്ല. വട്ടെഴുത്തിനെ തുടർന്നുണ്ടായ ലിപി വ്യവസ്ഥകളാണ് കോലെഴുത്തും മലയാണ്മയും. എന്നാൽ അവ സമാന്തരകാലത്ത് ഉപയോഗിച്ചു വന്നതായി ഈ രേഖകൾ തെളിയിക്കുന്നു. ഒരു പദത്തെ തന്നെ വ്യത്യസ്ത ലിപിവ്യവസ്ഥ കൊണ്ട് എഴുതുന്ന രീതിയും ഉണ്ട്. കൊല്ലവർഷം 600-ലെ രേഖയിൽ 'ശ്രീവെലിയൻ മങ്ങലത്തിൽ' എന്ന പദത്തിൽ 'ശ്രീവെലിയന്മ' വരെ ഗ്രന്ഥാക്ഷരത്തിലും 'ങ്ങലത്തിൽ' എന്ന ബാക്കി ഭാഗം വട്ടെഴുത്തിലുമാണുള്ളത്. വട്ടെഴുത്തും ഗ്രന്ഥാക്ഷരവും കൂടിക്കലർത്തിയ ഒരു മിശ്ര ലിപിവ്യവസ്ഥ മതിലകം രേഖകളിലുണ്ട്. ലിപി വ്യത്യസ്തമാണെങ്കിലും ഭാഷ തമിഴ് കലർന്ന പ്രാചീനമലയാളമാണ്. രേഖകൾ ചമച്ചവരുടെ വ്യത്യസ്ത ലിപിപരിജ്ഞാനവും രേഖകളുടെ ലിപിവൈചിത്ര്യത്തിന് കാരണമായി. ഓരോ ചുരുണയിലും വ്യത്യസ്ത കാലത്തിൽ എഴുതപ്പെട്ട രേഖകൾ കാണാം. ഇവ ആദ്യം എഴുതി സൂക്ഷിക്കുകയും പിൽക്കാലത്ത് ഒറ്റച്ചുരുണയാക്കി കോർത്തുകെട്ടിയതും ആവാം. അതിനാലാകാം ഈ ലിപിവൈചിത്ര്യം ഉണ്ടായ

തെന്ന് ഊഹിക്കാം. പ്രസ്തുത രേഖകളെ കാലഗണനാക്രമത്തിൽ തരംതിരിക്കു മ്പോൾ ഓരോ കാലഘട്ടത്തിലും പ്രാബല്യത്തിലിരുന്ന ലിപിയെക്കുറിച്ചുള്ള വിശ ദവിവരം കണ്ടെത്താവുന്നതാണ്. കൊല്ലവർഷം 550 മുതൽ 600 വരെയുള്ള രേഖ കളിൽ വട്ടെഴുത്തിനോടൊപ്പം ഗ്രന്ഥലിപി ഉപയോഗിച്ചിരുന്നതായി കാണാം. വട്ടെ ഴുത്തിൽ കൂട്ടക്ഷരം ഇല്ലാത്തതിനാൽ കൂട്ടക്ഷരം വരേണ്ട സ്ഥലത്ത് ഗ്രന്ഥലിപി യിലെ കൂട്ടക്ഷരം കാണാം. കൊല്ലവർഷം 601 മുതൽ 700 വരെയുള്ള രേഖകളിൽ വട്ടെഴുത്ത്, മലയാണ്മ ലിപികളുടെ ഇടയിൽ ഗ്രന്ഥലിപി ഇടകലർത്തി എഴുതുന്ന രീതി കാണാനാകും. 701 മുതൽ 800 വരെയുള്ള നൂറ്റാണ്ടുകളിൽ മുൻവർഷത്തെ പ്പോലെ വട്ടെഴുത്ത്, കോലെഴുത്ത്, മലയാണ്മ ലിപികൾ ഇടകലർത്തിയായിരുന്നു എഴുതിയിരുന്നത്. ഇക്കാലത്ത് ഇടയ്ക്ക് ഗ്രന്ഥാക്ഷരം ഉപയോഗിക്കുന്ന പതിവ് ഇല്ലായിരുന്നു. 801 മുതൽ 900 വരെയുള്ള നൂറ്റാണ്ടുകളിൽ വട്ടെഴുത്തിനോടൊപ്പം ഗ്രന്ഥലിപിയും ഉപയോഗിച്ചിരുന്നു. 901 മുതൽ 1000 വരെയുള്ള നൂറ്റാണ്ടുകളിൽ ഭാഷക്ക് വ്യവസ്ഥാപിതമായ അക്ഷരമാലാക്രമം ഉണ്ടായി. എന്നാൽ മതിലകം രേഖ കളിലെ ഭാഷ, വട്ടെഴുത്ത്, മലയാണ്മ എന്നിവയുടെ പ്രയോഗരീതികൾ പൂർണ്ണ മായും മുക്തമായില്ല. പതിനെട്ടാം നൂറ്റാണ്ടിലും ഔദ്യോഗികരേഖകൾ എഴുതാൻ പ്രസ്തുത ലിപി ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്നു.

വട്ടെഴുത്ത് രേഖകളിലെല്ലാം കോലെഴുത്തിലെ 'ഇ' കാരമാണ് എഴുതി യിട്ടുള്ളത്. വട്ടെഴുത്തിന് കാലക്രമത്തിൽ രൂപപരിണാമം സംഭവിച്ച് കോലെഴു ത്തായി മാറുന്നതിന്റെ സൂചനകളായി കണക്കാക്കാം.

### ഖ. ഭാഷ

ഇതിലെ ലിപി വ്യത്യസ്തമാണെങ്കിലും ഭാഷ മലയാളമാണ്. തമിഴ് സ്വാധീനം അക്കാലത്തെ ഭാഷയിൽ ഏറിനിന്നിരുന്നു എന്നത് ശ്രദ്ധേയമാണ്.ന ന്നൂൽ, തൊൽക്കാപ്പിയം, ലീലാതിലകം, കേരളപാണിനീയം എന്നീ വ്യാകരണ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ള ധാരാളം ഭാഷാ സവിശേഷതകളും പ്രയോഗവിശേ ഷങ്ങളും മതിലകം രേഖകളിലുണ്ട്. രേഖകളിലെ ഭാഷാനിയതമായ ഒരു വ്യവ സ്ഥയിൽ ഒതുങ്ങി നിന്നില്ല എന്നത് ഇതിന്റെ ഭാഷാപഠനങ്ങളിൽ ക്ലേശം സൃഷ്ടി ക്കുന്നു. കൊ.വ. 14 മുതൽ 19 വരെയുള്ള രേഖകളിൽ വർണ്ണതലത്തിൽ വന്ന പരി വർത്തനങ്ങൾ വ്യക്തമാണ്. ഇക്കാലങ്ങളിൽ അക്ഷരസംഖ്യ വർദ്ധിപ്പിച്ചുകൊണ്ട് ചില അക്ഷരങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു. പ്രാദേശിക ഭാഷാ സ്വാധീനത്തിലൂടെയും അല്ലാതെയും കാണുന്ന സ്വതന്ത്രപരിവർത്തനങ്ങൾ ഭാഷാനിലവാരത്തിനു

മുമ്പുള്ള പരിണാമദശയെ പ്രതിനിധാനം ചെയ്യുന്നു. തമിഴ് നിയമം അനുസരിക്കാത്ത പ്രയോഗങ്ങൾ 15-ാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിനു ശേഷം കൂട്ടിവരുന്നതായി കാണുന്നു. തമിഴിൽ നിന്ന് അകന്ന് പരിണാമത്തിലേക്ക് ഭാഷ കടക്കുന്നതിന്റെ സൂചനകൾ ഇതിൽ നിന്നും മനസ്സിലാക്കാം.

### ഗ. പദകോശം

മതിലകം രേഖകളുടെ പദകോശം വിലയിരുത്തിയാൽ അതിൽ ദ്രാവിഡ സ്വാധീനവും ആര്യസ്വാധീനവും കാണാനാകും. പ്രാചീനമായ ചില പ്രയോഗവിശേഷണങ്ങൾ ധാരാളമായി പ്രയോഗിച്ചു കാണുന്നുണ്ട്. വിൽക്കുമാറു, ചൊല്ലിയാറെ തുടങ്ങിയ പഴയ ശൈലീവൽക്കൃത പദങ്ങളും കാണാനാകും. ഇത്തരത്തിൽ ചില ആചാരപദങ്ങളും മതിലകം രേഖകളിൽ കടന്നു വരുന്നുണ്ട്. കൊ.വ.900-ൽ വിലക്കി, ഒക്ക, ഒടുക്കി തുടങ്ങി ഗ്രാമ്യപദങ്ങളും കാണാൻ സാധിക്കും. ആര്യഭാഷകളുടെ ആദ്യത്തിൽ 'ഐ' കാരം ചേർത്ത് ഉപയോഗിക്കുന്ന ഒരു രീതി 800 വരെയുള്ള രേഖകളിൽ ചിലയിടത്ത് ഇത് പ്രയോഗിച്ചും പ്രയോഗിക്കാതെയും കാണാം (നാഴികൈ, നാഴിക). തൊൽക്കാപ്പിയത്തിൽ അകാരന്ത നാമങ്ങൾ തമിഴ് ഭാഷയിൽ ഉണ്ടായിരുന്നതായി പറയുന്നു. പത്മനാഭസ്വാമി ക്ഷേത്രത്തിലെ ആചാരങ്ങളുമായി ബന്ധപ്പെട്ടും വ്യത്യസ്ത പദഘടന ഉണ്ടായിരുന്നു. അതുപോലെ തന്നെ വ്യക്തിയുടെ പേര് മാത്രം പറയുന്ന രീതിയായിരുന്നില്ല മതിലകം രേഖകളിൽ ഉണ്ടായിരുന്നത്. പേരിനോടൊപ്പം സ്ഥലപ്പേര്, കുടുംബപ്പേര്, ഔദ്യോഗിക സ്ഥാനം, ജാതിപ്പേര്, അമ്മാവന്റെയോ അച്ഛന്റെയോ പേര് എന്നിവയും ചേർത്താണ് വ്യക്തിനാമങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ആര്യ-ദ്രാവിഡ-സങ്കരാദി നാമങ്ങളും ധാരാളമായി പ്രയോഗിച്ചു കാണുന്നുണ്ട്. നാട്, കുന്ന്, ഊർ, കര, ചേരി, കുഴി, പുഴ, ദേശം, കളം, കുറിച്ചി, വിള, തുറ, മല തുടങ്ങിയ ദ്രാവിഡ പദാന്തത്തോടുകൂടിയ ദേശനാമങ്ങളും പുരം, പള്ളി, മംഗലം തുടങ്ങിയ ആര്യപദാന്തത്തോടുകൂടിയ ദേശനാമങ്ങളും രേഖകളിലുണ്ട്. ഇതിൽ നിന്നും തിരുവിതാംകൂറിന്റെ ഭരണാധിപൻമാർക്ക് തമിഴിനോടും തമിഴ് ഭാഷയോടുമുണ്ടായിരുന്ന ബന്ധത്തെ വിലയിരുത്താം. ദേശനാമത്തെ സംബന്ധിച്ച് മാത്രമല്ല നിലത്തെയും അളവുകളെയും സംബന്ധിച്ച ചില വ്യത്യസ്തമായ പ്രയോഗങ്ങൾ രേഖകളിൽ കാണാൻ സാധിക്കുന്നു. സർക്കാർ പതിച്ചുകൊടുക്കുന്ന ഭൂമിയെ വിരിത്തിനിലമെന്നും (കൊ.വ.550), തടിതുൽപ്പുനിലം, ഇടുവനിലം, കൊട്ടകാരത്തറ എന്നിങ്ങനെയും നിലത്തെ സൂചിപ്പിക്കാൻ പദങ്ങൾ ഉപയോഗിച്ചു. 'ഇടുവന' എന്നാൽ വിത്തിട്ടു വളർത്താവുന്ന

ധാന്യങ്ങൾ എന്നൊക്കെയാണ് അർത്ഥം. 'കോട്ട' എന്നത് ധാന്യങ്ങൾ അളക്കുന്ന ഒരു അളവിന്റെ പ്രയോഗമാണ്. ഔദ്യോഗിക സ്ഥാനപ്പേരുകളിലും വൈവിധ്യം കാണാം. അധികാരപദാർത്ഥം, ഭണ്ഡാരക്കണക്ക്, കരണക്കണക്ക്, കീഴ്ക്കണക്ക് തുടങ്ങിയവ അവിടുത്തെ ഉദ്യോഗപദങ്ങളുടെ നാമങ്ങളാണ്. ഇത്തരത്തിൽ കേട്ടു കേൾവി പോലുമില്ലാത്ത ഒരുപാട് പദങ്ങൾ നമുക്ക് മതിലകം രേഖകളിൽ കാണാൻ സാധിക്കും. വ്യത്യസ്തമായ വിഷയങ്ങളിൽ തരംതിരിച്ച് പഠിക്കാവുന്നത്രയും വിപുലമായ പ്രാചീനപദകോശം മതിലകം രേഖകളിലുണ്ട്. മലയാളലിപിയിൽ എഴുതിയ (മലയാളഗ്രന്ഥം) രേഖകളിൽ മലയാളമാസങ്ങൾ (ചിങ്ങം, മീനം, കർക്കിടകം) ഉപയോഗിച്ചിരുന്നതായും പൂജാസംബന്ധമായ കാര്യങ്ങൾ പറയുമ്പോൾ തമിഴ് മാസപ്പേരുകൾ (മാച്ചി, ആവണി, ആടി) ഉപയോഗിച്ചിരുന്നതായും കാണാം. കാലഘട്ടം അനുസരിച്ച് രേഖകൾ തരംതിരിച്ച് പഠിക്കുമ്പോൾ ഒരേവർഷത്തിലെ രേഖകൾ മാസപ്പേരിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തേണ്ടതായി വരും.

### ഘ. വാക്യഘടന

ചിഹ്നങ്ങൾ ഉപയോഗിച്ചു വാക്യങ്ങൾ വേർതിരിക്കുന്ന രീതി മതിലകം രേഖകൾക്കില്ല. അർത്ഥം പൂർത്തിയാകുന്നതനുസരിച്ച് വാക്യം പൂർത്തിയായി എന്നത് ഊഹിക്കാൻ മാത്രമേ തരമുള്ളൂ. രേഖകളുടെ ആദ്യഭാഗത്ത് പരാമർശിക്കാൻ ഉദ്ദേശിക്കുന്ന വിഷയത്തെപ്പറ്റി ഒരു ലഘുരേഖ തയ്യാറാക്കിയിരുന്നു. ആദ്യഭാഗത്ത് ലളിതവാക്യത്തിലും പിന്നീട് സങ്കീർണ്ണ വാക്യത്തിലോ മഹാവാക്യത്തിലോ ആണ് എഴുതിയത്. അതിനാൽ പദങ്ങളെ ബന്ധിച്ചുകൊണ്ട് സമുച്ചയനിപാതങ്ങൾ ധാരാളം മതിലകം രേഖകളിൽ ഉപയോഗിച്ചിരുന്നു. മലയാളഭാഷ ഇതരഭാഷാ സ്വാധീനത്തിലൂടെ വ്യത്യസ്തത പ്രകടിപ്പിച്ചിരുന്ന കാലയളവിൽ രചിക്കപ്പെട്ടവയാണ് മതിലകം രേഖകൾ. ആദ്യരേഖകളിൽ പോലും ആര്യഭാഷ കാണുന്നതിലൂടെ അത് എഴുതിയവരുടെ ലിപിവ്യവസ്ഥാപരിചയമാണ് വ്യക്തമാകുന്നത്. തമിഴ് ബ്രാഹ്മണരായിരുന്നു ഔദ്യോഗിക സ്ഥാനങ്ങൾ അലങ്കരിച്ചു പോന്നിരുന്നത്. അതിനാൽ ഭരണഭാഷയിൽ വ്യക്തിഭാഷയും കടന്നുവന്നിരിക്കാം. തമിഴ് വാക്യശൈലിയും രീതികളും ഇത്തരത്തിൽ ആയിരിക്കാം വാക്യഘടനയിൽ വന്നെത്തിയത്. ചുരുക്കത്തിൽ മതിലകം രേഖകളിൽ കാണുന്ന തമിഴ് സ്വാധീനം അത് കൈകാര്യം ചെയ്തവരുടെ ഭാഷയുമായി ബന്ധപ്പെട്ടിരിക്കുന്നു.

### ങ. വ്യാകരണതലം

ആദ്യകാല വ്യാകരണ ഗ്രന്ഥങ്ങളായ തൊൽക്കാപ്പിയം, നന്നൂൽ, ലീലാതിലകം, കേരളപാണിനീയം എന്നീ വ്യാകരണഗ്രന്ഥങ്ങൾ പറയുന്ന പ്രയോഗ വൈവിധ്യം മതിലകം രേഖയിലെ ഭാഷയിലുണ്ട്. തമിഴ്ഭാഷയുടെയും ഒപ്പം തന്നെ പ്രാചീനമലയാളത്തിന്റെയും പ്രയോഗസവിശേഷതകൾ അറിഞ്ഞാൽ മാത്രമേ മതിലകം രേഖകളെ വ്യക്തമായി വിലയിരുത്താനാകൂ. കൊ.വ 550 മുതൽ 1048 വരെയുള്ള കാലഘട്ടങ്ങളിലെ ഭാഷയുടെ വർണ്ണപരിണാമം വ്യക്തമായും ഈ രേഖകളിൽ നിന്നു മനസ്സിലാക്കാനാകും. തമിഴ്രീതി അനുസരിച്ചുള്ള 'ഐ' കാരാന്തപദങ്ങൾ (വാകൈ) സംസ്കൃത ശബ്ദങ്ങളെ 'ഐ' കാരം ചേർത്ത് തമിഴാക്കുന്ന പ്രവണത (തപൈ), വ്യഞ്ജനസംയുക്തം സ്വരം ചേർത്ത് പരത്തി എഴുതുന്ന രീതി (കാരിയം-കാര്യം, വിയാഴം - വ്യാഴം) ദ്രാവിഡീകരണത്തിന്റെ ഫലമായി 'ള' കാരവും 'റ' കാരവും അക്ഷരത്തോടു ചേർക്കാതെ പിരിച്ചെഴുതുന്ന രീതി (തിരുപ്പാപ്പൂർ - തൃപ്പാപ്പൂർ, വിക്കിറമൻ - വിക്രമൻ) തമിഴ് രീതിയനുസരിച്ചുള്ള സംഖ്യാനാമങ്ങൾ (മൂന്റു) തുടങ്ങി ധാരാളം പ്രയോഗസവിശേഷതകൾ മതിലകം രേഖയുടെ ഭാഷയിൽ നിന്നും വ്യാകരണപരമായ വിലയിരുത്തലിലൂടെ അപഗ്രഥിച്ച് കണ്ടെത്താനാകും.

### ച. സാമൂഹിക രാഷ്ട്രീയ പ്രസക്തി

മതിലകം രേഖകളെക്കുറിച്ച് പൂർണ്ണമായി പഠിക്കാൻ അക്കാലത്തെ സാമൂഹിക രാഷ്ട്രീയ സ്ഥിതിഗതികളെക്കുറിച്ച് അവഗാഹമുള്ളവർക്കേ കഴിയൂ. അക്കാലത്ത് മാത്രം ഉപയോഗിച്ചിരുന്ന പദങ്ങൾ ഇന്ന് മറ്റൊരു അർത്ഥത്തെ നൽകുന്നവെന്നത് ഈ രേഖകളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. രേഖകളിൽ പരാമർശിച്ചിട്ടുള്ള യുദ്ധം, കൂടിക്കാഴ്ചകൾ, ഉത്സവങ്ങൾ, വിവിധ ചടങ്ങുകൾ തുടങ്ങിയ കാര്യങ്ങളെല്ലാം അതിന്റെ സാമൂഹ്യചരിത്രത്തിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യേണ്ടതുണ്ട്. മതിലകം രേഖകളുടെ ഭാഷാസവിശേഷതകൾ പഠിക്കണമെങ്കിൽ പ്രാചീനലിപി, ഔദ്യോഗികപദവികൾ, ക്ഷേത്രാചാരങ്ങൾ, തിരുവിതാംകൂറിന്റെ ചരിത്രം, ഭാഷാപരിണാമചരിത്രം, തമിഴ്-മലയാള വ്യാകരണ വ്യവസ്ഥകൾ എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാകണം. എങ്കിൽ മാത്രമേ ഈ രേഖകൾ വായിച്ചെടുക്കാനും ചരിത്രപുനർനിർമ്മിതിക്കും സാധിക്കൂ. ചുരുക്കത്തിൽ പറഞ്ഞാൽ മലയാളഭാഷയുടെ വികാസപരിണാമ ചരിത്രവുമായി ബന്ധപ്പെട്ട പഠനങ്ങളിൽ ശാസനങ്ങൾക്ക് സമാനമായ പ്രാധാന്യം തിരുവിതാം

കൂറിന്റെ ഭരണസിരാകേന്ദ്രമായ പത്മനാഭസ്വാമീക്ഷേത്രത്തിലെ എട്ടരയോഗത്തിൽ രൂപംകൊണ്ട മതിലകം രേഖകൾക്കുമുണ്ട്. തിരുവിതാംകൂറിന്റെ ഭരണവ്യവസ്ഥി തിയെയും സാമൂഹ്യവ്യവസ്ഥിതിയെയും പ്രതിഫലിപ്പിക്കുന്ന ആധികാരികമായ രേഖകൾ എന്നതുപോലെ പ്രാചീനലിപിപഠനത്തിനും ഭാഷാപഠനത്തിനും കാലം കൃത്യമായി രേഖപ്പെടുത്തിയ ഈ രേഖകൾ കൂടുതൽ വെളിച്ചം പകരുന്നുണ്ട്.

# അദ്ധ്യായം - IV

## കേരളപാണിനീയവും മതിലകം രേഖകളും

കൊല്ലവർഷം 500-600 വരെയുള്ള കാലങ്ങളിൽ എഴുതിയ ഒരു രേഖയുടെ മാതൃകയുടെ അടിസ്ഥാനത്തിൽ പ്രസ്തുതരേഖയുടെ വ്യാകരണതലവും ഭാഷാ പരിണാമവും അപഗ്രഥിക്കുന്നു.

**രേഖ - 1**

കൊ.വ. 550-ലെ രേഖ പത്മനാഭസ്വാമീക്ഷേത്രത്തിൽ അല്പശി ഉത്സവത്തിന് പണം വേർതിരിച്ചത് സംബന്ധിച്ചുള്ളതാണ്. ഇരവി ആതിച്ചവർമ്മയും കേരളവർമ്മ മൂത്തതിരുവടിയും തിരുവനന്തപുരം ശ്രീപത്മനാഭസ്വാമീ ക്ഷേത്രത്തിലേക്ക് അല്പശി ഉത്സവത്തിന് ഭൂമി ദാനമായി നൽകിയതും, രണ്ട് ചുറ്റുവിളക്ക് നേർന്നതും സംബന്ധിച്ച വിവരങ്ങൾ ഈ രേഖയിലുണ്ട്, ഇത് അപൂർണ്ണമാണ്. വട്ടെഴുത്തിലെഴുതിയ ഈ രേഖയിൽ കാലം, കോട്ട എന്നീ ധാന്യ അളവുകൾ ഉപയോഗിച്ചിരുന്നു.

| | | |
|---|---|---|
| ചുരുണനമ്പർ | 1720 | 550-ാമാണ്ടു |
| ഓല | 113 | മീന ഞായിറു 25 |

പെരുമാൾ ചിരിപൽപ്പനാപപെരുമാൾക്കു അൽപ്പചിത്തിരുവുത്സവത്തിനു തിരിച്ചവകൈ.

ചിരിവെണാട്ടിൽത്തിരുവടി ഇരവി ആതിച്ചവർമ്മെരായ തിരുവടി ഇരുന്നരുളിയെടത്തിൻ പണ്ടാരത്തിൽ തിരുവനന്തപുരത്തു പെരുമാൾക്കു അൽപ്പചിത്തിരുവിഴാവിന്നു ആട്ടിക്കൊടുത്ത പൂമി കുചവൂർക്കൽ - കുറുങ്ങാനൂൽ തടിതുൽപ്പുനിലം 12 കലത്താൽ കൊട്ടകാരത്തറമെൽ അളവുകൊള്ളും ചിത്തനാൽ നെല്ലു 4200-ാം തൊട്ടവഴി നന്നലമൂലത്തൊട്ടവും കൂട അമെച്ചാൽ........പെരുമാൾ.........റ കൊണ്ടു വരുന്നതിന്നു വിരിത്തിനിലം 25 ക്കും പെരുമാൾ പറയാൽ നെല്ലു 45-ഉം നീക്കി അളക്കവെണ്ടും പെരുമാൾ പാറെയാൽ നെല്ലു 80 കർക്കടകത്തിൽ വിയാഴം നിന്റ തുലാഞായറ്റിൽ തിരുവനന്തപുരത്തു പെരുമാൾക്കു തിർച്ചുറ്റു വിളക്കു 2-ന്നും തിരുവിഴാവു നടക്കും കൂടെ വെണാട്ടിൽ കെരളവർമ്മെരായ മൂത്തതിരുവടി ഇരുന്നരുളിയെടത്തിൽ പണ്ടാരത്തിൽ ആട്ടിക്കൊടുത്തപൂമി തെങ്ങിനാട്ടിൽ വെങ്ങാന്നൂർ ഇടുവനിലം 22 കലം ഇതിന്നു കൂടും കാവും കരെയും കൂട ആട്ടിക്കൊടുത്താർ ചിഴമലൈത്തിരുവടികൾ വാളൂയിക്കൊനാരെടെ കൊണ്ടു പുനലൊർ .... (പൊടിവ്) .....

## IV. ക.സന്ധി

തമിഴിൽ പ്രധാനമായും ആദേശം, ആഗമം, ലോപം എന്നീ മൂന്നു വർണ്ണ വികാരങ്ങളെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. ഇവയെ വികാരസന്ധികൾ എന്നുപറയുന്നു. വർണ്ണസംയോഗസ്വഭാവമനുസരിച്ച് മലയാളഭാഷയിൽ ലോപം, ദ്വിത്വം, ആഗമം, ആദേശം എന്നിങ്ങനെ നാലുവിധം സന്ധികൾ വരും എന്ന് കേരളപാണിനി വ്യവസ്ഥ ചെയ്തിരിക്കുന്നു. സന്ധിചെയ്യുമ്പോൾ യാതൊരു വർണ്ണവികാരവും സംഭവിക്കാത്ത അവികാരസന്ധികളെക്കുറിച്ച് തമിഴ് നിയമത്തിൽ പറയുന്നുണ്ട്. അത്തരത്തിലുള്ള ഉദാഹരണങ്ങൾ മതിലകം രേഖകളിലുണ്ട്.

ഉദാ.

| | | | |
|---|---|---|---|
| അട്ടിക്കൊടുത്ത + പൂമി | - | അട്ടിക്കൊടുത്ത പൂമി | കൊ.വ. 550 |
| മൂത്ത + തിരുവടി | - | മൂത്തതിരുവടി | കൊ.വ. 561 |
| കൊടുത്ത + പണം | - | കൊടുത്തപണം | കൊ.വ. 592 |

### ക.ക. ലോപസന്ധി

രണ്ടുവർണ്ണങ്ങൾ തമ്മിൽ സന്ധിചെയ്യുമ്പോൾ അതിൽ ഒരു വർണ്ണം കുറയുന്നതാണ് ലോപം. കേരളപാണിനി അഞ്ചുതരം ലോപത്തെക്കുറിച്ച് ചർച്ചചെയ്യുന്നുണ്ട്. സംവൃതോകാരലോപം, വിവൃതോകാരലോപം, 'അ' കാര ലോപം, 'ഇ' കാര ലോപം, 'എ' കാര ലോപം. രണ്ടു സ്വരങ്ങൾ ചേരുമ്പോഴുണ്ടാകുന്ന ഉച്ചാരണ വൈഷമ്യത്തിനുള്ള പരിഹാരമാണ് ലോപസന്ധി. അതിനാൽ ലോപസന്ധി സ്വരസന്ധി കൂടിയാണ്.

**സംവൃതോകാരലോപം**

"ഉയിർവരിൻ ഉക്കുറൾ മെയ് വിട്ടോടും" എന്ന നന്നൂൽ സൂത്രം (സു.164), 'ലോപശ്ച' എന്ന ലീലാതിലകസൂത്രവും (സൂ.4.1) സ്വരത്തിൻ മുമ്പു ലോപിക്കും സംവൃതം വ്യർത്ഥമാകയാൽ എന്ന കേരളപാണിനീയത്തിലെ കാരികയും (കാ.1) സംവൃതോകാരലോപത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്.

| | | | |
|---|---|---|---|
| ഉദാ. ഇരുന്ന് + അരുളി | - | ഇരുന്നരുളി | കൊ.വ. 550 – 561 |
| തെക്ക് + ഇൻ | - | തെക്കിൻ | കൊ.വ. 600 |

### ക.ഖ. ആഗമസന്ധി

സന്ധിചെയ്യുമ്പോൾ പുതുതായി ഒരു വർണ്ണം വന്നു ചേരുന്നതാണ് ആഗമം. 'യ', 'വ' കാരാഗമങ്ങളാണ് കണ്ടുവരുന്നത്.

**'യ' കാരാഗമം**

'ഇ, ഈ, ഐ വഴിയവ്വും' എന്ന നന്നൂലിലെ 162-ാം സൂത്രഭാഗമനുസരിച്ച് ഇ, ഈ, ഐ എന്നിവയ്ക്ക്, സ്വരം പരമായി വരുമ്പോൾ സന്ധിയിൽ 'യ' കാരാഗമം വരും. 'സന്ധാവചോർമദ്ധ്യേയഃ' എന്ന ലീലാതിലകസൂത്രവും (സൂ.37) 'പൂർവം താലവ്യമാണെങ്കിൽ 'യ'കാരമതിലേയ്ക്കണം' എന്ന കേരളപാണിനീയത്തിലെ കാരികയും (കാ.7) ഈ വർണ്ണവികാരത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്.

ഉദാ.

| | | |
|---|---|---|
| അരുളി + അ | - അരുളിയ | കൊ.വ. 550 |
| നട + ഇൽ | - നടയിൽ | കൊ.വ. 600 |
| കൈയാലൈ + അളവും | - കൈയാലൈയളവും | കൊ.വ. 600 |

**'വ' കാരാഗമം**

'എനൈ ഉയിർവഴിവവ്വും' എന്ന നന്നൂലിലെ 162-ാം സൂത്രഭാഗമനുസരിച്ച് ഇ, ഈ, എ എന്നിവ ഒഴികെയുള്ള സ്വരങ്ങൾക്ക് പരമായി സ്വരങ്ങൾ വന്നാൽ 'വ' കാരം ആഗമമാകും. ലീലാതിലകത്തിലെ അദിതോ: കേവലയോർവ:എന്ന സൂത്രപ്രകാരവും (സൂ.38) അ, ഇ എന്ന രണ്ട് കേവലശബ്ദങ്ങൾക്കു പിന്നിൽ സ്വരം വന്നാൽ 'വ' കാരം ആഗമമായി വരും. സ്വരം പരമായി വന്നാൽ 'വ' കാരം ചേർത്തു കൊള്ളുക. എന്ന കേരളപാണിനീയ കാരികയിലൂടെയും (കാ.7) ഈ വർണവികാരം പിൽക്കാലത്തും അംഗീകരിക്കപ്പെട്ടു.

'ഓർന്നിത്യം' എന്ന ലീലാതിലകസൂത്രപ്രകാരം (സൂ.40)'ഉ' വർണത്തിന് പരമായി സ്വരം വന്നാൽ ഇടക്ക് നിത്യമായ 'വ' കാരം ആഗമിക്കാം.

ഉദാ.

| | | |
|---|---|---|
| തിരു + അടി | - തിരുവടി | കൊ.വ. 550 |
| തിരു + ഓണം | - തിരുവോണം | കൊ.വ. 600 |

ചുട്ടെഴുത്തുകൾക്കു ശേഷം സ്വരം വന്നാൽ 'വ' കാരമേ ആഗമിക്കൂ അതിന് ദ്വിത്വവും സംഭവിക്കാമെന്ന് നന്നൂലിൽ പറഞ്ഞിരിക്കുന്നു(സൂ.163). സാഹിത്യത്തിൽ കണ്ണശ്ശന്മാരുടെ കാലത്ത് ഈ സൂത്രമനുസരിച്ചുള്ള ഇരട്ടിച്ച രൂപങ്ങൾ കാണാനാകും (ഇവ്വാണ്ട്, ഇവ്വൂർ). ഇന്ന് ഭാഷയിൽ ഇത്തരം പ്രയോഗങ്ങൾ പ്രചാരത്തിലില്ല. 'വ' കാരം ഇരട്ടിക്കാത്ത രൂപങ്ങളാണ് മതിലകം രേഖകളിൽ ഉപയോഗിച്ചു കാണുന്നത്.

ഉദാ.

ഇ + അൾ - ഇവൾ കൊ.വ. 600

ഇ + അൻ - ഇവൻ കൊ.വ. 600

**ക.ഗ. ദ്വിത്വസന്ധി**

രണ്ട് വർണങ്ങൾ തമ്മിൽ ചേരുമ്പോൾ ഘടകവർണ്ണങ്ങളിൽ ഒന്ന് ഇരട്ടിക്കുന്നതാണ് ദ്വിത്വസന്ധി.

നന്നൂലിലെ 183-ാം സൂത്രത്തിൽ കുറ്റിയലുകാരുമായി ചേർന്നിരിക്കുന്ന 'ട' യും 'റ' യും ഇരട്ടിക്കുമെന്ന് വിധിച്ചിട്ടുണ്ട്. 'റുടയോർദ്വിത്വം ച' എന്ന ലീലാതിലക സൂത്രം (സൂ.42) ഇതിനു സമാനമാണ്. "ടാവും റാവുമിരട്ടിപ്പൂ നാമാന്തരത്തിൽ യഥോചിതം" എന്നു കേരളപാണിനി പറയുന്നതും,

ഉദാ.

ഞായറ് + ഇൽ - ഞായറ്റിൽ കൊ.വ. 550

പടിഞ്ഞാറ് + ഉം - പടിഞ്ഞാറ്റും കൊ.വ. 600

'സമാസേചാഞാദീനാം' എന്ന ലീലാതിലകസൂത്രം (സൂ.47) അനുസരിച്ച് സമാസത്തിൽ ഞാദികളില്ലാത്ത വ്യഞ്ജനങ്ങൾ (കാദികൾ) ഇരട്ടിക്കാം.

ഉദാ : - ആട്ടി + കൊടുത്ത - ആട്ടിക്കൊടുത്ത

**ക.ഘ. ആദേശസന്ധി**

രണ്ട് വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ ഒരു വർണം പോയി ആ സ്ഥാനത്ത് വേറൊരു വർണ്ണം വന്നുചേരുന്നതാണ് ആദേശസന്ധി.

കേരളപാണിനീയം 21-ാം കാരികയിൽ 'വിനാമ' ത്തെക്കുറിച്ച് പറയുന്നിടത്ത് 'ള' കാരത്തിന് 'ത' വർഗാക്ഷരങ്ങൾ പരമാകുമ്പോൾ മൂർധന്യമായ 'ട' വർഗം ആദേശമായി വരും എന്ന് എ.ആർ. പറഞ്ഞിരിക്കുന്നു.

ഉദാ. കൊൾ + തു - കൊണ്ടു

കേരളപാണിനീയം 25-ാം (25-എ) കാരികയിൽ 'മകാരം താനനുസ്വാരം സ്വരം ചേർന്നാൽ തെളിഞ്ഞീടും" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദാവസാനത്തിലെ അനുസ്വാരം സ്വരം പരമായാൽ 'മ' കാരമാണെന്നു സ്പഷ്ടമാകും.

ഉദാ. തളിക്കും + അതിനു - തളിക്കുമതിനു

എന്നാൽ ഇതേ അനുസ്വാരം സമുച്ചയനിപാതമായ 'ഉം' പരമാകുമ്പോൾ 'വ' കാരമായി മാറും (കേ.പാ.കാ.25(2))

ഉദാ. തൊട്ടം + ഉം - തൊട്ടവും

പ്രത്യയം പരമാകുമ്പോൾ അനുസ്വാരം ഇരട്ടിച്ചു തകാരമായി മാറും [കേ. പാ.കാ.25.(3)]

ഉദാ. പണ്ടാരം + ഇൽ - പണ്ടാരത്തിൽ

കർക്കിടകം + ഇൽ - കർക്കിടകത്തിൽ

തൊൽക്കാപ്പിയം, നന്നൂൽ എന്നീ തമിഴ് വ്യാകരണകൃതികളിലെ സന്ധി വ്യവസ്ഥയ്ക്ക് വഴങ്ങുന്ന പ്രയോഗങ്ങൾ ഇടയ്ക്ക് കാണുന്നുണ്ടെങ്കിലും ഈ നൂറ്റാണ്ടിലെ മതിലകം രേഖയിലെ ഭാഷയിൽ ആധുനിക മലയാളഭാഷയിലെ വർണവികാരങ്ങളാണ് കൂടുതലായും സംഭവിച്ചു കാണുന്നത്.

## IV.ഖ. ആറുനയങ്ങൾ

കൊടുന്തമിഴിൽ നിന്നാണ് കേരളഭാഷയുടെ ഉൽപത്തി എന്ന വാദത്തിന് ഉപോൽബലകമായി കേരളപാണിനി അവതരിപ്പിച്ച ആറുനയങ്ങളിൽ മിക്കതും മതിലകം രേഖകളിൽ പ്രവർത്തിച്ചിരിക്കുന്നതായി കാണാം.

### ഖ.ക. അനുനാസികാതിപ്രസരം

അനുനാസികവർണം അതിനു പിന്നാലെ വരുന്ന ഖരവർണത്തെക്കൂടി അനുനാസികമാക്കിത്തീർക്കും. അനുനാസികം മുമ്പും ഖരം പിമ്പുമായി കൂട്ടക്ഷരം വന്നാൽ അനുനാസികം ഇരട്ടിച്ച ഫലം കിട്ടും. ഖരത്തിന്റെ ഉച്ചാരണം വേർതിരിച്ച് കേൾക്കാതെയാകാം. ഈ നയപ്രകാരം അനുനാസികാതിപ്രസരം സംഭവിച്ചതും സംഭവിക്കാത്തതുമായ രൂപങ്ങൾ മതിലകം രേഖകളിലുണ്ട്.

**അനുനാസികാതിപ്രസരം സംഭവിച്ച രൂപങ്ങൾ**

| | |
|---|---|
| ഇരുന്നരുളി | കൊ.വ. 550, 561 |
| തെങ്ങിനാട്ടിൽ | കൊ.വ. 550 |
| കുത്തിക്കവർന്ന | കൊ.വ. 561 |
| മങ്ങലത്തിൽ | കൊ.വ. 600 |
| ചെന്ന | കൊ.വ. 600 |

**അനുനാസികാതിപ്രസരം സംഭവിക്കാത്ത രൂപങ്ങൾ**

| | |
|---|---|
| വിയാഴം നിന്റ | കൊ.വ. 550 |
| തിങ്കൾ | കൊ.വ. 561 |
| ചെന്റുണർത്തിച്ചു | കൊ.വ. 600 |

### ഖ.ഖ. താലവ്യാദേശം

താലവ്യസ്വരങ്ങൾക്കും (ഇ, എ, ഐ) താലവ്യമായ 'യ' കാരത്തിനും ശേഷം

വരുന്ന ദന്ത്യമായ 'ത' വർഗ്ഗത്തിന് സവർണ്ണനം സംഭവിച്ച് 'ച' വർഗ്ഗമായിത്തീരുന്ന വർണ്ണപരിണാമത്തെയാണ് താലവ്യാദേശം എന്ന് പറയുന്നത്. ത, ന, ത്ത, ന്ന, ന്ത ഇവയെ ഉപമർദ്ദം ചെയ്ത് താലവ്യധർമ്മം പ്രകടമാക്കുന്നതുകൊണ്ട് തവർഗോപമർദം എന്നും ഈ വ്യാകരണ പ്രക്രിയയെ വിളിക്കുന്നു.

താലവ്യാദേശം സംഭവിച്ചതും സംഭവിക്കാത്തതും ആയ രൂപങ്ങൾ മതിലകം രേഖകളിൽ കാണുന്നു.

**താലവ്യാദേശം സംഭവിച്ച രൂപങ്ങൾ**

കൽപ്പിച്ച കൊ.വ. 600

ചെന്റുണർത്തിച്ചു കൊ.വ. 600

**താലവ്യാദേശം സംഭവിക്കാത്ത രൂപങ്ങൾ**

കൽപ്പിത്ത കൊ.വ. 561

**ഖ.ഗ. സ്വരസംവരണം**

സ്വരങ്ങളെ വേണ്ടിടത്തോളം തുറന്നുവിട്ട് ഉച്ചരിക്കാതെ അടച്ച് ഒതുക്കിപ്പിടിച്ചുച്ചരിക്കുകയാണ് ഇതിന്റെ സ്വഭാവം. 'ഉ' കാര ഉച്ചാരണത്തിലാണ് ഇത് പ്രധാനമായും കാണുന്നത്. സംവരണം ചെയ്ത് (മൂടിപ്പിടിച്ച്) ഉച്ചരിക്കുന്നതുകൊണ്ട് ഇതിനെ സംവൃതോകാരമെന്നു പറയുന്നു. എന്നാൽ ഇത് കേവലം ഉച്ചാരണ വൈലക്ഷ്യണ്യം മാത്രമാണ്.

ഉദാ.

നെല്ലു കൊ.വ. 550

ഞായിറു കൊ.വ. 561

കൊടുത്തു കൊ.വ. 592

എഴുത്തു കൊ.വ. 600

പ്രകൃതി പ്രത്യയങ്ങളുടെ ഇടയിൽ വരുന്ന 'ഐ' കാരം ചുരുങ്ങി 'അ' കാരമാകുന്നതും സ്വരസംവരണം തന്നെ. അത്തരത്തിൽ 'ഐ' കാരം ചുരുങ്ങി 'അ' കാരമായ പദങ്ങൾ മതിലകം രേഖകളിലുണ്ട്.

ഉദാ.

കൂട കൊ.വ. 550, 600

കയ്യാല കൊ.വ. 600

കുളപ്പിര കൊ.വ. 600

'ഐ' കാരം ചുരുങ്ങി 'അ' കാരം ആകാത്ത രൂപങ്ങളും മതിലകം രേഖകളിലുണ്ട്.

ഉദാ.

| | |
|---|---|
| കരൈ | കൊ.വ. 550 |
| വകൈ | കൊ.വ. 550, 600 |
| ചിഴമലൈ | കൊ.വ. 550 |
| തണൈക്കതിരുമാലൈ | കൊ.വ. 600 |

സ്വരസംവരണത്തെക്കുറിച്ച് പറയുന്നതിന്റെ അവസാനഭാഗത്ത് എ.ആർ 'പൊതുനിയമം ചെയ്യത്തക്കവിധത്തിലല്ലെങ്കിലും അകാര-എകാരങ്ങളും, ഇകാര ഉകാരങ്ങളും പലയിടത്ത് മാറ്റിമറിച്ചു കാണാം' എന്നു പറയുന്നു. പ്രസ്തുത പ്രയോഗങ്ങളും മതിലകം രേഖകളിൽ ഉള്ളതായി കാണാം.

ഉദാ.

| | | | | |
|---|---|---|---|---|
| അ > എ - | പറയാൻ | > | പറെയാൻ | കൊ.വ. 550 |
| " - | ചതയം | > | ചതെയം | കൊ.വ. 600 |
| - | ശാലയിൽ | > | ചാലെയിൽ | കൊ.വ. 600 |
| - | ദത്തൻ | > | തത്തെൻ | കൊ.വ. 600 |
| - | രക്ഷാഭോഗവും | > | രെക്ഷാഭോഗവും | കൊ.വ. 600 |
| ഇ > ഉ - | അനിഴം | > | അനുഴം | കൊ.വ. 561 |

**ഖ.ഘ.പുരുഷഭേദനിരാസം**

തമിഴിലെ കാലവാചകങ്ങളായ ആഖ്യാതങ്ങൾക്ക് കർത്താവിനോടുള്ള പൊരുത്തത്തിനു വേണ്ടി ലിംഗം, പുരുഷൻ, വചനം ഇതുകളെക്കുറിക്കുന്ന പ്രത്യയങ്ങളെ ചേർത്ത് രൂപഭേദം വരുത്താറുണ്ട്. മലയാളത്തിൽ ഇതെല്ലാം ഒന്നോടെ ഉപേക്ഷിച്ചു. പുരുഷപ്രത്യയസഹിതരൂപങ്ങളും പ്രത്യയരഹിതരൂപങ്ങളും മതിലകം രേഖകളിലുണ്ട്.

**പുരുഷപ്രത്യയസഹിത രൂപങ്ങൾ**

| | |
|---|---|
| ആട്ടിക്കൊടുത്താർ | കൊ.വ. 550 |
| വഴങ്കിനാൾ | കൊ.വ. 600 |

**പുരുഷപ്രത്യയരഹിത രൂപങ്ങൾ**

| | |
|---|---|
| കൊടുത്തു | കൊ.വ. 592 |
| കല്പിച്ചു | കൊ.വ. 600 |

**ഖ.ങ ഖിലോപസംഗ്രഹം**

ഒരു കാലത്ത് പ്രചാരത്തിലുണ്ടായിരുന്നിട്ട് കാലക്രമത്തിൽ പ്രയോഗമില്ലാതെ വന്ന പ്രകൃതികളെയും പ്രത്യയങ്ങളെയും ഉപയോഗിക്കുന്നതാണ് ഖിലോപസംഗ്രഹം. 'ഖിലം' എന്നാൽ അപ്രയുക്തം.

ഉദാ. കൽ – കൊപുരത്തിൻകൽ കൊ.വ. 600

ആധികാരിക വിഭക്തി പ്രത്യയമായ 'കൽ' ഇന്ന് പ്രചാരലുപ്തമാണ്.

പ്രാചീനരേഖകളുടെ ഭാഷ പഠിക്കുമ്പോൾ ആ കാലത്ത് ഈ നയം പ്രവർത്തിച്ചിരിക്കുന്നോ എന്ന് പരിശോധിക്കുന്നത് അപ്രസക്തമാണ്. എങ്കിലുംഭാഷയുടെ പരിണാമദശയെ പ്രതിനിധാനം ചെയ്യുന്ന ഒരു കാലഘട്ടമാണ് കൊ.വ. 550 മുതൽ കൊ.വ. 600 വരെ എന്നതുകൊണ്ടാണ് ഈ നൂറ്റാണ്ടിലെ രേഖയെ ഇത്തരത്തിൽ വിശകലനം ചെയ്യുന്നത്.

**ഖ.ച. അംഗഭംഗം**

ചില പഴയ ദ്രാവിഡപ്രകൃതികളെയും പ്രത്യയങ്ങളെയും മലയാളഭാഷ സൗകര്യത്തിനുവേണ്ടി അക്ഷരലോപം ചെയ്ത് ചുരുക്കിയിട്ടുണ്ട്. ചില സ്വനിമങ്ങൾ ഉപേക്ഷിക്കുന്ന ഈ പ്രത്യേകത തമിഴിലെ 'പോലി' സൂത്രങ്ങളുടെയും മറ്റും അനുവദിച്ചിരിക്കുന്നു. 'ക്കു' എന്ന ഉദ്ദേശികാവിഭക്തി പ്രത്യയത്തിനു അംഗഭംഗം സംഭവിച്ച് 'ഉ' ആയി മാറിയ രൂപങ്ങൾ കാണുന്നു.

ഉദാ.

കൊണ്ടുവരുന്നതിനു കൊ.വ. 550

തിരുവുൽസവത്തിനു കൊ.വ. 550

## IV. ഗ. മതിലകം രേഖകളെ കേരള പാണിനീയവുമായി ചേർത്തുവെച്ച് പഠിക്കുമ്പോൾതാഴെ കൊടുക്കുന്ന നിഗമനങ്ങളിലെത്തിച്ചേരുന്നു

1. കൊ.വ. 550 മുതൽ 600 വരെയുള്ള അരനൂറ്റാണ്ടിനുള്ളിലെ രേഖകളിൽ വട്ടെഴുത്തും ഗ്രന്ഥലിപിയും ഇടകലർത്തി എഴുതുന്ന രീതിയാണ് ഉള്ളത്. വട്ടെഴുത്തിൽ കൂട്ടക്ഷരം ഇല്ലാത്തതിനാൽ കൂട്ടക്ഷരം എഴുതേണ്ട ചില സന്ദർഭങ്ങളിൽ ഗ്രന്ഥലിപിയിലെ കൂട്ടക്ഷരം എഴുതിക്കാണുന്നു. ഒരുപദം എഴുതാൻ വ്യത്യസ്തലിപി ഉപയോഗിക്കുന്നതായി കാണുന്നു. ഈ ലിപികൾ ഒരേ കാലത്ത് തന്നെ ഈ ദേശത്ത് പ്രചരിച്ചിരുന്നുവെന്നോ, ഇത് എഴുതിയവർ വ്യത്യസ്തഭാഷയിൽ അവഗാഹമുണ്ടായിരുന്നവരാണെന്നും മനസ്സിലാക്കാം.
2. തമിഴിലെ മുപ്പത് അടിസ്ഥാനവർണ്ണങ്ങൾക്കു പുറമേ ഋ, ഭ, ശ, ക്ഷ എന്നീ സംസ്കൃത വർണങ്ങൾ കൂടി സ്വീകരിച്ച് അക്ഷരസംഖ്യ മുപ്പത്തിനാലായി വർദ്ധിച്ചു കാണുന്നു. ദ്രമിഡ സംഘാതാക്ഷര നിബദ്ധമായ പാട്ടുഭാഷ വേരുറച്ചിരുന്ന കാലത്ത് അതിൽ നിന്നും വ്യത്യസ്തമായ ഒരു വർണവിന്യാസമാണ് മതിലകം രേഖകളിൽ കാണാനാകുന്നത്.
3. 'ഋ' എന്ന സ്വരത്തെ കൊടുന്തമിഴിന്റെ സ്വഭാവമനുസരിച്ച് 'ഇര്' എന്ന് രൂപാന്തരപ്പെടുത്തിയും വ്യഞ്ജനത്തോട് ചേർത്ത് സംയുക്ത രൂപത്തിലും പ്രയോഗിച്ചിട്ടുണ്ട്. അതുകൊണ്ട് തമിഴ്നിയമം അനുശാസിക്കുന്നതും, അല്ലാത്തതുമായ രൂപങ്ങൾ മതിലകം രേഖകളിൽ ഉണ്ടെന്ന് വിലയിരുത്താം.
4. ഗ്രന്ഥാക്ഷരത്തിൽ എഴുതുന്ന ഭാഗങ്ങളിലൊഴികെ എല്ലായിടത്തും അനുസ്വാരത്തിനു പകരം 'മ' കാരം എഴുതിക്കാണുന്നു. ദ്രാവിഡീകരണം വഴി രൂപമാറ്റം സംഭവിച്ചിരിക്കുന്ന ആര്യഭാഷാ പദങ്ങളുടെ സാന്നിദ്ധ്യം മതിലകം രേഖകളിലുണ്ട്.
5. യ, ര, ല എന്നീ വ്യഞ്ജനങ്ങൾ മറ്റു വ്യഞ്ജനങ്ങളോട് ചേർത്ത് എഴുതുമ്പോൾ മധ്യശബ്ദം പെരുക്കി എഴുതുന്ന രീതി (വിയാഴം) കൊ.വ.550 കളിലെ രേഖകളിൽ കാണാം.
6. തിരുവനന്തപുരം പത്മനാഭസ്വാമീക്ഷേത്രത്തിലെ ആചാരങ്ങളും വിശ്വാസങ്ങളുമായി ബന്ധപ്പെടുത്തി മാത്രമേ ഭരണകാര്യങ്ങൾക്ക് തീയതിയും സമയവും കുറിച്ചിരുന്നുള്ളു എന്നാണ് ജ്യോതിശാസ്ത്ര സംബന്ധമായ പദങ്ങളുടെ പഠനത്തിലൂടെ മനസ്സിലാക്കാനാകുന്നത്.

7. സ്ഥലപ്പേർ, കുടുംബപ്പേർ, ഔദ്യോഗികസ്ഥാനം, ജാതിപ്പേർ, അമ്മാവന്റെയോ അച്ഛന്റെയോ പേര് എന്നിവയിലേതെങ്കിലുമൊക്കെ ചേർത്താണ് വ്യക്തിനാമം എഴുതിപ്പോന്നത്. ഇന്നും ആധാരമെഴുത്ത് ഭാഷയിൽ ഈ രീതി പിന്തുടരുന്നതായി കണ്ടുവരുന്നു.

8. നാമവിശേഷണം നാമത്തിനു മുമ്പും ക്രിയാവിശേഷണം ക്രിയയ്ക്കുശേഷവും വരുന്നതാണ് ദ്രാവിഡഭാഷകളുടെ രീതി. അത്തരത്തിലുള്ള പ്രയോഗവിശേഷം തന്നെയാണ് മതിലകം രേഖകളിലുള്ളത്.

9. കൊടുന്തമിഴാണ് മലയാളമായതെന്ന് തെളിയിക്കാൻ കേരളപാണിനി പറയുന്ന ആറുനയങ്ങളിൽ അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം, പുരുഷഭേദനിരാസം എന്നിവ സംഭവിച്ചതും സംഭവിക്കാത്തതുമായ രൂപങ്ങൾ ഈ നൂറ്റാണ്ടിലെ രേഖകളിലുണ്ട്. ഇതിൽ നിന്നും ഒരേ സമയം തമിഴ്പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതും എന്നാൽ ഭാഷാപരിണാമത്തിന്റെ ആദ്യസൂചനകളുമുള്ള വാക്കുകളും ഭാഷാസവിശേഷതകളും നിലനിന്നിരുന്നു എന്ന് മനസ്സിലാക്കാം.

10. വാക്യഘടനയിൽ ദ്രാവിഡഭാഷകൾ പൊതുവേ ദീക്ഷിച്ചു വരുന്ന കർത്താവ്, കർമ്മം, ക്രിയ എന്ന പദക്രമം മതിലകം രേഖകളിൽ പാലിച്ചുകാണുന്നു. വിശേഷണ വിശേഷ്യക്രമം പാലിച്ചിട്ടുണ്ടെങ്കിലും സംഖ്യാവിശേഷണം വരുന്നിടത്ത് സംഖ്യാശബ്ദം നാമത്തിനു ശേഷം എഴുതിക്കാണുന്നു. (വെള്ളിക്കുടം 6, കിഴി 5) ഇത്തരത്തിലുള്ള പ്രയോഗങ്ങൾ വാക്യത്തിന്റെ അർത്ഥം പൂർണതയിൽ നിൽക്കുന്ന പ്രതീതി ജനിപ്പിക്കുന്നു.

## ഉപസംഹാരം

ഭാഷയുടെ ചരിത്രത്തിലെ ഈടുറ്റ പുരാവസ്തു സാമഗ്രികളാണ് മതിലകം രേഖകൾ. ഭാഷാചരിത്രത്തിന്റെ വ്യക്തമായ അവലോകനത്തിന് പുത്തൻ സാധ്യതകൾ ഉയർത്തുന്നതാണ് അവ. എന്നാൽ ഈ രേഖകളെപ്പറ്റി അധികം പഠനങ്ങൾ ഒന്നും ഭാഷാചരിത്രനിർമ്മാണത്തിന്റെ ഭാഗമായി നടന്നിട്ടില്ല. പ്രസ്തുത രേഖകൾ ഒരുകാലം വരെ രാജകുടുംബത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു; ഇത് അക്കാലത്തെ പ്രഗൽഭരായ ഭാഷാചരിത്രഗവേഷകരെ മതിലകം രേഖകളിൽ നിന്ന് അകറ്റി. പിൽക്കാലത്ത് രാജകുടുംബം മൂവായിരത്തോളം ചുരുണകൾ പുരാവസ്തു വകുപ്പിന് കൈമാറിയെങ്കിലും അതിലേറെ രേഖകളുടെ ശേഖരം ഗവേഷകർക്ക് അപ്രാപ്യമായി ക്ഷേത്ര മതിലകത്ത് തുടരുന്നതാവാം ഈ രേഖകളുടെ പഠനത്തിന് ഗവേഷകരെ നിരുത്സാഹപ്പെടുത്തുന്നത്. പല ശാസനങ്ങളിലും ചെപ്പേടുകളിലും കാണുന്നതുപോലെ രാജ -ഔദ്യോഗിക-വരേണ്യഭാഷാ സ്വാധീനം മതിലകം രേഖകളിലുണ്ട്. അവ സാധാരണ വ്യവഹാരഭാഷയിൽ നിന്നും വ്യത്യസ്തമാകാമെങ്കിലും അത് അക്കാലത്തെ ഭാഷയായി തന്നെ പരിഗണിക്കാം.

മതിലകംരേഖകളുടെ അപഗ്രഥനത്തിലൂടെ അതിൽ ഒരേ കാലത്ത് വ്യത്യസ്ത ലിപികൾ ഉപയോഗിച്ചിരുന്നതായി കാണാം. ഇതിൽ നിന്നും ഒരേ കാലത്ത് വിവിധ ലിപികൾ പ്രചരിച്ചിരുന്നതായി മനസ്സിലാക്കാം. മറ്റൊരുതരത്തിൽ ചിന്തിച്ചാൽ രേഖ എഴുതിയ വ്യക്തിക്ക് ഒന്നിലേറെ ലിപികളിൽ ജ്ഞാനമുണ്ടായിരുന്നതായി മനസ്സിലാക്കാം. ഭാഷയിലെ തമിഴ് സ്വാധീനവും അത് കാലക്രമത്തിൽ മലയാളഭാഷയുടേതായ സവിശേഷതകൾ പ്രകടിപ്പിക്കുന്നതായും കാണാൻ സാധിക്കും. കേരളപാണിനി കൊടുന്തമിഴ് മലയാളമായി മാറുന്നു എന്നത് തെളിയിക്കാൻ അവതരിപ്പിച്ച ആറുനയങ്ങളും മതിലകം രേഖകളിലെ ഭാഷയിൽ സംഭവിക്കുന്നതായി മനസ്സിലാക്കാൻ സാധിക്കും. അവ സംഭവിച്ചുവന്ന കാലവും വളരെ കൃത്യമാണ്. ഇത്തരത്തിൽ ഭാഷാപരിണാമത്തിന്റെ ഓരോ ഘട്ടത്തെയും അതിന്റെ കാലക്രമത്തിൽ വിലയിരുത്താനുള്ള അനന്തസാധ്യതകൾ തുറന്നുകാണിക്കുന്നു മതിലകംരേഖകൾ.

മതിലകംരേഖകളുടെ ഭാഷാസവിശേഷത പഠിക്കണമെങ്കിൽ ഔദ്യോഗിക പദവികൾ, ക്ഷേത്രാചാരങ്ങൾ, തിരുവിതാംകൂറിന്റെ ചരിത്രം, ഭാഷാപരിണാമചരിത്രം, തമിഴ്-മലയാള വ്യാകരണ വ്യവസ്ഥകൾ എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാകണം. എങ്കിൽ മാത്രമേ ഈ രേഖകൾ വായിച്ചെടുക്കാനും ചരിത്ര പുനർനിർമ്മിതിക്ക് ഉപയോഗിക്കാനും സാധിക്കൂ. മലയാളഭാഷയുടെ വികാസപരിണാമചരിത്രം

പരിശോധിക്കുമ്പോൾ കാലഘട്ടം കൃത്യമായി പറയാൻ സാധിക്കാത്ത ശാസനങ്ങൾ രൂപപ്പെട്ട അതേ കാലഘട്ടത്തിൽ കാലം രേഖപ്പെടുത്തിയിട്ടുള്ള മതിലകംരേഖകൾ ശ്രദ്ധേയമാകുന്നു. അതിനാൽ പ്രസ്തുത രേഖകളെ അധികരിച്ചുള്ള ഭാഷാപഠനം കൂടുതൽ ആധികാരികവും വസ്തുതാനിഷ്ഠവുമാകും.

18-19 നൂറ്റാണ്ടുകളിലെ ഭാഷയെ വിലയിരുത്തുമ്പോൾ ഭാഷ കൂടുതൽ ആധുനിക നിയമങ്ങൾ കൊണ്ട് അപഗ്രഥിക്കാനാവുന്നതായി മനസ്സിലാക്കാം. കാവ്യഭാഷ ഗദ്യത്തെ അപേക്ഷിച്ച് ആധുനികമായിരുന്നു ഈ കാലത്തിൽ. എന്നാൽ സമാന്തരഗദ്യ ഭാഷയിൽ നിന്നും മതിലകംരേഖകളിലെ ഭാഷ തികച്ചും വ്യത്യസ്തമാണ്. ഔദ്യോഗികമായ ശൈലീവൽകൃതഭാഷയാണെങ്കിലും ആചാരബദ്ധവും സംസ്കാരബദ്ധവുമായ ഭാഷാപ്രയോഗരീതി മറ്റ് ഔദ്യോഗികരേഖകളിൽ നിന്നും ശാസനങ്ങളിൽ നിന്നും വ്യത്യസ്തമാണ് മതിലകംരേഖകളിലെ ഭാഷ. അത് സാധാരണജനങ്ങളുമായി ബന്ധമുള്ളതിനാൽ ഇവയിലെ ഭാഷ പലപ്പോഴും സാധാരണ ജനങ്ങളുടെ സംഭാഷണഭാഷയോട് കൂടുതൽ അടുത്തുനിൽക്കുന്നതാണ്.

ചുരുക്കത്തിൽ മലയാളഭാഷയുടെ വികാസപരിണാമചരിത്രവുമായി ബന്ധപ്പെട്ട പഠനങ്ങളിൽ ശാസനഭാഷയ്ക്ക് സമാന്തരമായി തിരുവിതാംകൂറിന്റെ ഭരണസിരാകേന്ദ്രമായ പത്മനാഭസ്വാമീക്ഷേത്രത്തിലെ എട്ടരയോഗത്തിൽ രൂപം കൊണ്ട മതിലകംരേഖകൾക്ക് സവിശേഷമായ പ്രാധാന്യമുണ്ട്. തിരുവിതാംകൂറിന്റെ ഭരണവ്യവസ്ഥിതിയെയും സാമൂഹികവ്യവസ്ഥിതിയെയും പ്രതിഫലിപ്പിക്കുന്ന ആധികാരികമായ രേഖകൾ എന്നതുപോലെതന്നെ പ്രാചീനലിപിപഠനത്തിനും ഭാഷാചരിത്രപഠനത്തിനും കാലംകൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള ഈ രേഖകൾ സഹായകമാകുന്നുണ്ട്. ആ നിലക്ക് ഈ പ്രബന്ധം ഏറെ പ്രയോജനപ്പെടുമെന്നു കരുതുന്നു.

# അനുബന്ധം 1

## മതിലകംരേഖകളിലെ ലിപികളുടെ പരിണാമം

### കൊ.വ. 550-600





വ്യഞ്ജനങ്ങൾ
സ്വരങ്ങൾ
കൊ.വ.
ക ങ ച ഞ ട ണ ത ന പ മ യ ര ല വ ള ഴ റ ഩ
550 ഇ/ഈ
600
550 ഉ
600
550 ഊ
600
550 എ/ഏ

| വ്യഞ്ജനങ്ങൾ → സ്വരങ്ങൾ ↓ കൊ.വ. | | | ക | ങ | ച | ഞ | ട | ണ | ത | ന | പ | മ | യ | ര | ല | വ | ള | ഴ | റ | ഩ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 600 | | [illegible] | | | | | [illegible] | | | | | | | | | [illegible] | | | | [illegible] |
| | | | | | | | [illegible] | | | | | | | | | | | | | |
| 550 | ഐ | | [illegible] | | | | | | | | | | | [illegible] | [illegible] | | | | | |
| 600 | | | | | | | | | | | | | | | [illegible] | | | | | |
| 550 | [illegible] | | [illegible] | | | | | | [illegible] | | | | | | [illegible] | | | | | |
| 600 | | [illegible] | | | | | | | | | [illegible] | | | | | [illegible] | | | | |
| | | [illegible] | | | | | | | | | | | | | | | | | | |

## അനുബന്ധം - 2

കേരള ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമായിരുന്നു മാർത്താണ്ഡ വർമ്മ നടത്തിയ തൃപ്പടിദാനം. ഭരണത്തിന്റെ കെട്ടുറപ്പിനെയോ രാജാവി നെയോ ആരും ചോദ്യം ചെയ്യാത്ത രീതിയിൽ മതത്തെയും വിശ്വാസ ത്തെയും കൂട്ടുപിടിച്ച് ഭരണം നിർവ്വഹിച്ച രാജപരമ്പരയുടെ ചരിത്രമായി രുന്നു അത്. തൃപ്പടിദാനത്തെപ്പറ്റി പരാമർശിക്കുന്ന മതിലകം രേഖ.

ഓല നമ്പർ - 176

ഷോകേസ് റിക്കോഡ് - 22

തൃപ്പടിദാനം 925-ാമാണ്ട്

തൃപ്പാപ്പൂർ, കീഴ്പ്പേരൂർ ശ്രീവീരവാലമാർത്താണ്ടവർമ്മരായ തൃപ്പാപ്പൂർ മൂത്ത തിരുവടി ഇരുന്നരുളിയേടത്തിങ്കൽ നിന്നും കല്പിച്ചു പെരുമാൾ ശ്രീപണ്ടാര ത്തിലേക്കു ഇരാച്യം എഴുതിവച്ചു ചർവാചാർപ്പണഓലക്കു എഴുതിന എതി രു.

925-ാമാണ്ടു തൈമാസം 5-ാം തീയതി വൃച്ചികച്ചനി മീനവിയാഴം ചെന്ന കൊല്ലം 925-ാമാണ്ടു മകരമാസം 5-ാം തീയതി പുതനാഷയും പുറുവപക്ഷത്തു ചത്തമിയക്കു ഇന്നാളാൽ എഴുതിയ ചറുവ ചുപ്പാർപ്പണ ഓലക്കരണമാവിതു ശ്രീപണ്ടാരക്കാരിയം ചെയിവർകളായ പാലമാർത്താണ്ഡവർമ്മരായ തിർപ്പാ പ്പൂർ നിന്നും തങ്കൾക്കു ഉള്ള തോവാളകോട്ടെക്കു പടിഞ്ഞാറു കവണാറ്റിനു കിഴക്കുള്ള ഇരാചിയത്തിനു അകതത്തുള്ളതു നാളിതുവരം നമക്കു അവകാ ശമായിട്ടു അനുപവിച്ചുവരുന്ന വള്ള കിരണിയങ്ങളും താനമാനങ്ങളും മറ്റും എപ്പോർപ്പെട്ടതും പെരുമാൾ.ശ്രീപണ്ടാരത്തിലേക്കു ചറുവച്ചപാർപ്പണമാക ആചെന്നിരാർക്കമെ എഴുതികൊടുത്താർ ശ്രീപണ്ടാരക്കാരിയം ചെയ്യ്വാർക ളായ പാല മാർത്താണ്ഡവർമ്മരായ തിർപ്പാപ്പൂർ മൂപ്പിൽ നിന്നും ഇമ്മാർക്കമെ ഈ ചറുവചുവാർപ്പണ ഓല കൈയെഴുതിയ മേലെഴുത്തു കണക്കു ചങ്കര കുമാരപട്ടർ എഴുത്തു.

# അനുബന്ധം - 3

## മതിലകംരേഖകളിൽ സൂചിപ്പിച്ചിരിക്കുന്ന ചില സാങ്കേതികപദങ്ങളും അവയുടെ അർത്ഥങ്ങളും.

അകരം - ബ്രാഹ്മണരുടെ തെരുവ് (അഗ്രഹാരം) ബ്രാഹ്മണന്റെ ഭവനം, പട്ടണം, നഗരം.

അച്ചു (അച്ച്) - ഒരു പഴയനാണയം (അച്ചുപതിപ്പിച്ചിട്ടുള്ളത്, മുദ്രയുള്ളത്) ഇരുപത് കലിപണം വില (പതിനെട്ടാം പണമെന്നു കാണുന്നു) 16 രാശി വിലയുള്ളത് an old coin. അരയച്ച്, അഴകച്ച്, ആനയച്ച്, പുതുപ്പൊന്നച്ച് ഇത്യാദി പലതരം.

അടിയറ - പദവി (സ്ഥാനം) അവകാശം എന്നിവ നേടുന്നതിനും മറ്റും സർക്കാരിലേക്ക് കൊടുക്കുന്ന ഫീസ്, കാഴ്ചദ്രവ്യം.

അമ്മാനയാട്ടം - അമ്മാനക്കായ് മേല്പോട്ടെറിഞ്ഞുപിടിക്കൽ - കേരളീയ സ്ത്രീകളുടെ ഒരു വിനോദം.

ആട്ടത്തിരുനാൾ - രാജകീയ ജന്മദിനം.

ആഴ്വാർ - ഭഗവത്ഭക്തിയിൽ മുങ്ങിയവർ, സ്വാമി, ദേവൻ.

ഇലങ്കം - ദൈവങ്ങളെ കുടിവെയ്ക്കുന്ന സംഘം, കളരി.

ഉരു/ഉരുവു - ആകൃതി, ശരീരം.

ഊരാണ്മ - ക്ഷേത്രങ്ങളിലും മറ്റുമുള്ള അധികാരം; ഭരണസഭയിലേക്കുള്ള സ്ഥാനം.

ഏച്ചൽ - ആവലാതി.

ഓലപ്പണം - സർക്കാർ മുദ്ര പതിപ്പിച്ച എഴുത്തോലയ്ക്ക് ആധാരം എഴുതി വാങ്ങുന്ന ആൾ ജന്മിക്കു കൊടുക്കുന്ന വില, മുദ്രവില.

കരണം - വസ്തു ഉടമ്പടി, ആധാരം.

കരുവ - വെള്ളി.

കളിയൽ - കളപ്പുര.

കഴകത്താർ - ചുങ്കം ഉദ്യോഗസ്ഥൻ

കിരാചം ആട്ടം - കിരാതവേഷം ധരിച്ച ശിവന്റെ കഥകെട്ടി ആടുന്നത്

കീഴ്ക്കണക്ക് - പ്രധാനപ്പെട്ട കണക്കന്റെ കീഴിലുള്ളവൻ.

കൊല്ല - ചിറ, മട, ചെറിയതോട്, ഖജനാവിലെ ഒരു ഉദ്യോഗസ്ഥൻ.

ചവളക്കാരൻ - മുക്കുവൻ, വേലക്കാരൻ, നായന്മാരിൽപെട്ട ഒരു താണജാതിക്കാരൻ.

ചാവേറാകുക - മരണഭയം കൂടാതെ യുദ്ധത്തിന് ചെല്ലുക.

ചേവുകം - സേവ (ഊഴിയം).

തളി - ശുദ്ധികർമ്മം, അടിച്ചുതളി, ജലം തളിക്കൽ.

തിതി - കീറൽ, വിഭജനം, ഔദാര്യം, ദക്ഷന്റെ ഒരു പുത്രി.

തൃപ്പാപ്പൂർമൂർത്തി - ശിവൻ (വേണാട്ടുരാജാക്കന്മാർ തൃപ്പാപ്പൂർ മൂപ്പ് ആകുന്നത് തൃപ്പാപ്പൂർ ശിവൻ കോവിലിൽ വെച്ചാണ്)

തൃപ്പാദസ്വരൂപം - തിരുവിതാംകൂർ രാജവംശം, ചേരമാൻപെരുമാളുടെ മൂന്നാമത്തെ ഭാര്യയിൽ നിന്നും ഉൽഭവിച്ചതാണ് തിരുവിതാംകൂർ രാജവംശം അഥവാ തൃപ്പാദസ്വരൂപം.

നട്ടുവൻ - നാട്യം പഠിപ്പിക്കുന്നവൻ.

നിച്ചൽ നടപ്പാട്ടാളിമാർ - നിത്യവും പാട്ടം പിരിക്കുന്നവർ.

പാട്ടാളി/പട്ടമാളി - പാട്ടം പിരിക്കുന്നവൻ.

പെരുമാൾ - ചേരരാജാവ് (സ്ഥാനപ്പേർ) കേരളത്തിൽ 12 കൊല്ലത്തേക്ക് രാജാവായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന ആൾ.

മാകാണം - സംസ്ഥാനം.

മുടുക് (മുടം) - ഒരു തരം പൊൻവള.

മുളകുമടിശീല - തിരുവിതാംകൂർ സംസ്ഥാനത്തുണ്ടായിരുന്ന ഒരു കച്ചേരി, കുരുമുളക് കുത്തക കൈകാര്യം ചെയ്യുന്ന സ്ഥലം, മുളകു പണ്ടകശാല.

മെയ്ക്കാട് - ദിനംപ്രതിയുള്ള കൂലിവേല.

രായസം - കച്ചേരിയിലെ എഴുത്തുവേല.

രായസം എഴുത്ത് - വട്ടെഴുത്ത് - സർക്കാർ രേഖകളെ രായസം എഴുത്ത് എന്നു പറയുന്നു.

ലാവണം - പട്ടാളക്കാരുടെ ലിസ്റ്റ്, സ്ഥിരമായ ഉദ്യോഗം.

വാരം തീരുക - കരം തീരുവ.

വാർക്കർ - കുതിപ്പട്ടാളം, ശിപ്പായിമാർ.

വിഴവ് - ഉത്സവം, മിഥുനരാശി.

വേളാൻ - കുശവൻ.

| | | |
|---|---|---|
| ശിബികവാഹനം | - | പല്ലക്ക്, പ്രേതമഞ്ചം. |
| ശ്രീകാര്യം | - | ക്ഷേത്രത്തിലെ മേലധികാരം. |
| സഞ്ചായം | - | വനം വകുപ്പ്, പുറവരവ്. |
| സർവാധി | - | സർവാധികാരി, കൊട്ടാരത്തിലെ പ്രധാന ഉദ്യോഗസ്ഥൻ. |
| സുബദാർ | - | പട്ടാളത്തിലെ ഉദ്യോഗസ്ഥൻ. |
| സ്വരൂപം | - | രാജ്യം, സ്വന്തം രൂപം, നായന്മാരിൽ ഒരു ജാതി, കൂട്ടില്ലം. |

## ഗ്രന്ഥസൂചി


1. അശ്വതിതിരുനാൾ ഗൗരിലക്ഷ്മീഭായി 1996 ശ്രീപത്മനാഭസ്വാമീക്ഷേത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. കാർത്തികേയൻ ഷൊർണൂർ 1996 മധ്യകാലകേരളഭാഷ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം.
3. കുഞ്ഞൻപിള്ള ഇളംകുളം 1964 കേരളഭാഷയുടെ വികാസപരിണാമങ്ങൾ, എൻ.ബി.എസ്, കോട്ടയം.
4. കേരളഭാഷാനിഘണ്ടു 1997 കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
5. സംസ്ഥാന ആർക്കൈവ്സ് വകുപ്പ് 1975 കേരളസംസ്ഥാന ആർക്കൈവ്സിന് ഒരു മുഖവുര.
6. ഗോപാലകൃഷ്ണൻ നടുവട്ടം 2003 കേരളചരിത്രധാരകൾ, മാളൂബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
7. ഗോപിനാഥപിള്ള.എൻ.ആർ 1974 അന്വേഷണം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
8. ജിഷ ഡോ.എസ്.കെ 2023 മതിലകംരേഖകൾ ദേശം ഭാഷ ചരിത്രം കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
9. പരമേശ്വരയ്യർ.എസ്.ഉള്ളൂർ (സമ്പാ.) 1941 പ്രധാനമതിലകം രേഖകൾ, സംസ്ഥാന പുരാരേഖവകുപ്പ്
10. മതിലകം രേഖകൾ, ഇൻഡക്സ് I - IV സംസ്ഥാന പുരാരേഖാവകുപ്പ് (കയ്യെഴുത്തുപ്രതികൾ)
11. രവിവർമ്മ എൽ.എ 1936 പ്രാചീന കേരളലിപികൾ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
12. രാജാരാജവർമ്മ എ.ആർ 2022 കേരളപാണിനീയം, 22-ാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം.